# രിസാല 855

2009 ആഗസ്റ്റ് 21 ● 1430 ശഅ്ബാൻ 29





**പബ്ലിഷർ**
വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി
**മാനേജിംഗ് എഡിറ്റർ**
എസ്. ശറഫുദ്ദീൻ
**ചീഫ് എഡിറ്റർ**
മാളിയേക്കൽ സുലൈമാൻ സഖാഫി
**എഡിറ്റർ**
ടി കെ അലിഅശ്റഫ്
**വെബ് എഡിറ്റർ**
അശ്റഫ് മന്ന, ശരീഫ് കാരശ്ശേരി
**ജനറൽ മാനേജർ**
സലീം അണ്ടോണ
**കവർ & ലേ-ഔട്ട്**
രിസാല ഡിടിപി



**11**

ജനാധിപത്യാവകാശങ്ങൾ സുരക്ഷിതമാക്കിനിർത്തുവാനുള്ള ചലനാത്മകമായ ഉപാധികളിലൊന്നാണ് സമരം. എന്നാൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുകയും പുരോഗമനപരമായ നടപടികൾ കൈക്കൊള്ളുകയും ചെയ്ത ഒരു ഗവൺമെന്റിനെ അട്ടിമറിക്കുവാനുള്ള കുടിലനീക്കങ്ങളാണ് വിമോചനസമരം എന്ന പേരിൽ അരങ്ങേറിയത്.

## വിമോചന സമരത്തിന്റെ അമ്പതാണ്ടുകൾ

**കവർ/ കെ സി ശൈജൽ**



അശരണരുടെ നെഞ്ചകത്തെ നെരിപ്പോടിന്റെ ചൂട് ഉള്ളിൽ വഹിച്ചായിരുന്നു ആ വിളക്ക് കത്തിയിരുന്നത്.

## ശിഹാബ് തങ്ങളെ ഓർക്കുകയാണ്

**സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ**
**ഇ ടി മുഹമ്മദ് ബഷീർ എം പി**

**07**

15 നനഞ്ഞ ഓർമകൾ
കവിത/റഹീം പൊന്നാട്

16 ബഹുസ്വരത
കവർ /ഡോ. മാഹിർ അബൂ മുൻശർ

20 അടങ്ങാത്ത ദാഹവുമായി ഒരു പ്രതിഭ
മുഖചരായ/ ശിഹാബുദ്ദീൻ അസ്ഹരി

22 കർമശുദ്ധിയും കണിശതയും
അദ്കിയ/ഇബ്റാഹിം സഖാഫി പുഴക്കാട്ടിരി

24 ഞാൻ നീ തന്നെ
തുഴയും തോണിയും /കെ എം മുസ്തഫ്

29 കാണാമറയത്തേക്ക്
ചരിത്രം/അബ്ദുൽ ഹകീം അഫ്സലി

31 മൃഗവും മനുഷ്യനും തമ്മിൽ
ദർശനം / നഖീബുൽ അത്താസ്

വായനക്കാരുടെ വീക്ഷണം ........ 04
സർഗവേദി ........ 18
വാർത്തകൾ ........ 26
കാഴ്ചപ്പുറം ........ 34



രജി.ഓഫീസ്: സ്റ്റുഡന്റ്സ് സെന്റർ, കോഴിക്കോട്-673004 ഫോൺ: 0495 -2720436, 3048352, ഫാക്സ്: 0495-2722104
ഇന്റർനെറ്റ് എഡിഷൻ www.risalaonline.com ഇ-മെയിൽ: risalaweekly@yahoo.com



# ലിബർഹാൻ റിപ്പോർട്ട് നീതി നിഷേധം തന്നെ

നീതി വൈകുന്നത് നീതി നിഷേധിക്കുന്നതിനേക്കാൾ ക്രൂരമാണെന്ന സത്യത്തെ യാഥാർത്ഥ്യവത്ക്കരിക്കുന്നതാണ് അടുത്തിടെ പുറത്തുവന്ന ലിബർഹാൻ റിപ്പോർട്ട്. 1992 ഡിസം 6ന് ഇന്ത്യാ മഹാരാജ്യത്തിന്റെ മഹത്തായ പാരമ്പര്യത്തെയും പൈതൃകത്തെയും ക്രൂരമാംവിധം തകർത്തെറിഞ്ഞു കൊണ്ടായിരുന്നു ഫാഷിസ്റ്റ് വർഗീയശക്തികൾ ബാബരി മസ്ജിദ് തകർത്തു തരിപ്പണമാക്കിയത്. ചരിത്രം പലവിധത്തിലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട് എന്നുള്ള പരമാർത്ഥം ഉൾകൊണ്ടുതന്നെ അത്തരം ചർച്ചകൾ തൽക്കാലം മാറ്റി നിർത്താം. എന്നാൽ ഇന്നും നമ്മുടെ മുമ്പിൽ തെളിഞ്ഞു നിൽക്കുന്നതും, പലപ്പോഴും അഗാധമാംവിധം ഓർമകളെ ഭയപ്പെടുത്തുന്നതുമായ യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാട്ടാതിരിക്കാൻ ഇനിയും നമുക്കാവില്ല.

മസ്ജിദ് തകർക്കപ്പെട്ട് പത്ത് ദിവസത്തിനു ശേഷം തന്നെ സർക്കാർ അന്വേഷണ കമ്മീഷനെ നിയോഗിച്ചതാണ്. മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനായിരുന്നു നിർദേശം. എന്നാൽ ജ: എംഎസ് ലിബർഹാന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ ഇപ്പോൾ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് 198 മാസങ്ങൾക്കുശേഷമാണ്.

ചരിത്രത്തെ മാറ്റിമറിച്ച പല സംഭവങ്ങളുടെയും അന്വേഷണ റിപ്പോർട്ടുകൾ പരിശോധിക്കുന്ന ഏതൊരാൾക്കും ലിബർഹാൻ റിപ്പോർട്ടിന്മേലുള്ള സംശയം വർധിക്കുമെന്നത് തീർച്ചയാണ്. 2819 പേർ കൊല്ലപ്പെട്ട 2001 ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന്റെ റിപ്പോർട്ട് പുറത്തുവന്നത് വെറും 20 മാസം കൊണ്ടായിരുന്നു. തോമസ് എച്ച് കീനിന്റെ നേതൃത്വത്തിൽ നടന്ന അന്വേഷണം ഇരുപതു മാസത്തിനകം ഇരുപത്തഞ്ചു ലക്ഷം പേജുള്ള റെക്കോർഡുകൾ പരിശോധിച്ചു. പത്തു രാജ്യങ്ങളിൽനിന്നായി 1200 വ്യക്തികളെ നേരിൽ കണ്ട് അന്വേഷണം നടത്തി. 19 ദിവസത്തിനകം 160 സാക്ഷികളെ വിസ്തരിച്ചതിന് ശേഷമായിരുന്നു കീൻ റിപ്പോർട്ട് സമർപ്പിച്ചത്. ഇതുപോലെ കെന്നഡി വധം അന്വേഷിച്ച് പത്തു മാസത്തിനകം 552 സാക്ഷികളെ വിസ്തരിച്ച വാറൻ കമ്മീഷനും, 1941ലെ പേൾഹാർബർ ദുരന്തം അന്വേഷിച്ച് ദിവസങ്ങൾക്കകം റിപ്പോർട്ട് സമർപ്പിച്ച ജ. ഓവൻ റോബർട്ട് കമ്മീഷനും നമ്മുടെ മുമ്പിലുണ്ട്.

ഇന്ത്യാരാജ്യത്ത് ജീവിക്കുന്ന മൂക്ക് കീഴ്പ്പോട്ടുള്ള ഏതൊരാൾക്കും വ്യക്തമായി അറിയുന്ന സത്യമാണ് ആരുടെ കരങ്ങളാലാണ് ബാബരി മസ്ജിദ് തകർക്കപ്പെട്ടതെന്ന്. ജീവിച്ചിരിക്കുന്നവരും മണ്ണോടു ചേർന്നവരും(നരസിംഹറാവു), മാപ്പുപറഞ്ഞവരും(കല്യാൺസിംഗ്) ഇന്നും ഏറ്റുപറയാൻ മടിക്കുന്നവരുമായ(എൽ കെ അഡ്വാനി, മുരളി മനോഹർ ജോഷി, ഉമാഭാരതി തുടങ്ങിയവർ) വലിയൊരുവിഭാഗം രാഷ്ട്രീയ/ബ്യൂറോക്രാറ്റുകളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള സഹായം മസ്ജിദിന്റെ ധ്വംസകർക്കുണ്ടായിരുന്നു. പരമാർത്ഥം ഇത്രത്തോളം വ്യക്തമായിട്ടും നമ്മുടെ രാജ്യത്തിന് അപമാനമായി ഇന്നുമവർ നമുക്കിടയിൽ വിഹരിക്കുന്നു. നിയമപരമായി അവർ സംരക്ഷിക്കപ്പെടുന്നു എന്നതാണ് സത്യം. പതിനാറ് വർഷത്തോളം വൈകി സമർപ്പിച്ച റിപ്പോർട്ടിന്റെ ബാക്കി പ്രവർത്തനങ്ങൾക്കായി നാം എത്രകാലം കാത്തിരിക്കേണ്ടിവരും?.

**ഇബ്റാഹീം ചെമ്മലശ്ശേരി**
അരീക്കോട് മജ്മഅ്
ibmkpl@gmail.com

# തുഴയും തോണിയും വരയുമ്പോൾ

*രിസാല* 850-ാം ലക്കത്തിലെ കെഎം മുസ്തഫിന്റെ 'സുഖം തേടി അക്കരെയിക്കരെ' എന്ന ലേഖനമാണ് ഈ കുറിപ്പിന്നാധാരം. മനഃശാസ്ത്രപരമായ അദ്ദേഹത്തിന്റെ ലേഖനത്തിൽനിന്ന് ഉമർ(റ) മുസ്ലിമാകാൻ കാരണമായ ഖുർആൻവചനങ്ങളുടെ ആകർഷണീയത വായനക്കാർക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ഇങ്ങനെ ഇസ്ലാമിന്റെയും ഖുർആന്റെയും മനഃശാസ്ത്രപരമായ സമീപനങ്ങളും അതിന്റെ ആകർഷണീയതയും ലേഖനങ്ങളിൽ ഉൾപ്പെടുത്തിയാൽ വളരെ നന്നായിരുന്നു. മുസ്ലിംകളിലെ ജനറൽ മൈന്റുള്ളവരും അന്യമതസ്ഥരും വളരെ താത്പര്യത്തോടെയാണ് 'തുഴയും തോണിയും' വായിക്കാറ്. ഇതിൽ ഇങ്ങനെയുള്ളതും കൂടി ഉൾക്കൊള്ളിച്ചാൽ അവർക്കും ഇസ്ലാമിനെ പരിചയിക്കാം.

**നവാസ്. കെ., മുണ്ടമ്പ്ര**

## കേണലാണ് താരം..!



പ്രസിദ്ധ സിനിമാനടൻ മോഹൻലാലിന് സൈന്യത്തിന്റെ ലഫ്നന്റ് കേണൽ പദവി നൽകി ഇന്ത്യൻ ആർമി ആദരിച്ചിരിക്കുന്നു. കീർത്തിചക്ര, കുരുക്ഷേത്ര എന്നീ സിനിമകളിലെ പട്ടാളവേഷത്തിലുള്ള അഭിനയമാണ് അദ്ദേഹത്തിന് ഇങ്ങനെയൊരു സ്ഥാനം നൽകാൻ സൈന്യത്തെ ചിന്തിപ്പിച്ചതത്രെ. പൊതുമണ്ഡലത്തിലെ സ്ഥാനമാനങ്ങൾ സിനിമയിലെ അഭിനയത്തിനനുസരിച്ച് നൽകാൻ തീരുമാനിക്കുന്നത് എന്തുകൊണ്ടും ശരിയായ നടപടിയല്ല. പ്രത്യേകിച്ച് ഇന്ത്യപോലുള്ള മതേതരത്വവും ജനാധിപത്യവും നിലനിൽക്കുന്ന ഒരു രാജ്യത്ത്.

തിരക്കഥ എഴുതുന്നവരുടെ ഇംഗിതത്തിനൊത്ത് പലരും സിനിമയിൽ വ്യത്യസ്ത വേഷങ്ങളിൽ അഭിനയിക്കുന്നുണ്ട്. അതിനനുസരിച്ച് സ്ഥാനമാനങ്ങൾ നൽകാൻ തീരുമാനിച്ചാൽ നിലവിലുള്ള കാറ്റഗറികൾ മതിയാകാതെ വരും. പല നടൻമാരെയും ഒരേസമയം പോലീസ് കമ്മീഷണറും വക്കീലും പൈലറ്റും പട്ടാള ഓഫീസറും മുഖ്യമന്ത്രിയും എന്തിന് പ്രധാനമന്ത്രിവരെ ആക്കേണ്ടതായും വരും. മോഹൻലാലിന് അഭിനയത്തിന്റെ മികവാണ് യോഗ്യതയായി കണ്ടതെങ്കിൽ അഭിനയത്തിലൂടെ പല അവാർഡുകളും നേടിയ മറ്റു നടൻമാരുടെയും സ്ഥാനലബ്ധിക്കു തർക്കമുണ്ടാവാനിടയില്ല. ഇനി ഇതൊരു അവകാശമായി കണ്ട് അവർ വാദിച്ചുകൂടായ്കയുമില്ല. പ്രത്യേകിച്ച്, അവകാശ സമരങ്ങൾ തിമർക്കുന്ന സാംസ്കാരിക കേരളത്തിൽ.

നമ്മുടെ സ്വയം പ്രഖ്യാപിത സാംസ്കാരിക ബുദ്ധിജീവികളുടെ ചുണ്ട് ഇതിനെതിരെ ചലിച്ചുകണ്ടില്ല. മാധവിക്കുട്ടിയുടെ ഖബറടക്കം വിവാദമാക്കാൻ പേനയുന്തിയും ഉറഞ്ഞുതുള്ളിയും അണ്ണാക്കു വറ്റിയതുകൊണ്ടാണോ എന്നറിയില്ല; അല്ലെങ്കിൽ കലാകാരൻമാർക്കെതിരായി ശബ്ദിച്ചാൽ സാംസ്കാരിക ബുദ്ധിജീവി പട്ടം അഴിഞ്ഞുവീഴാനോ മുഖ്യധാരയിൽനിന്ന് ചവിട്ടി പുറത്താക്കപ്പെടാനോ പഴഞ്ചനും തീവ്രവാദിയുമായി മുദ്രകുത്തപ്പെടാനോ സാധ്യതയുള്ളതുകൊണ്ട് മാളത്തിലൊളിച്ചതാവാം. സാംസ്കാരികരംഗത്തെ നാറ്റിക്കലിന് കുറച്ച് സമയം അവധി തന്നതിന് കേരള ജനതയുടെ നന്ദി.

രാഷ്ട്രീയക്കാർ ജാഗ്രതൈ! ഇക്കണക്കിനു പോയാൽ മന്ത്രിക്കുപ്പായങ്ങൾ തുന്നിവച്ചത് പെട്ടിയിൽ വച്ച് പൂട്ടേണ്ടിവരും. ഒരുപാട് മന്ത്രിമാരും എംഎൽഎമാരും പഞ്ചായത്ത് പ്രസിഡണ്ടുമാരുമൊക്കെ ഇനി സിനിമാരംഗത്തുനിന്ന് വരാനിരിക്കുന്നുണ്ട്. അവർ അവസരം കാത്തിരിക്കുകയാണ്. വെള്ളിത്തിരയിലെ മിനിസ്ക്രീനിൽ തകർത്തഭിനയിച്ച ശുദ്ധമനസ്കരായ കലാകാരന്മാർ ഇവിടെയുള്ളപ്പോൾ എന്തിന് പരസ്പരം ചെളിവാരിയേറും വിഴുപ്പലക്കലും ശീലമാക്കിയ രാഷ്ട്രീയക്കാർ നാട് ഭരിക്കണം!

എല്ലാ പാർട്ടിക്കാരും രാഷ്ട്രീയം ഉപേക്ഷിച്ച് അഭിനയം പഠിക്കാൻ തയാറാകണം. കൊടിയും വടിയും ഉപേക്ഷിച്ച് കാമറക്ക് ഫോക്കസ് ചെയ്യാനും പ്രസംഗം ഉപേക്ഷിച്ച് ഡയലോഗ് പറയാനും മുദ്രാവാക്യത്തിനുപകരം സിനിമാഗാനം പാടാനും പഠിക്കണം. പ്രകടനവും ധർണയും ഹർത്താലുമൊന്നും ഇനി പബ്ലിക്കിൽ വേണമെന്നില്ല. മിനിസ്ക്രീൻ തന്നെ ധാരാളം. പൊതുജനത്തിനും ബുദ്ധിമുട്ടില്ല. പൊതുസ്വത്തും സുരക്ഷിതം. സിനിമയിൽ അഭിനയം അറിയാത്തവർക്ക് ഇനി കാലിവളർത്തി ഉപജീവനം നടത്താം. ഇപ്പോൾ... കലയാണ് താരം.

**അബ്ദുൽ ഹമീദ് കെ.പുരം**
പുത്തൻതെരു
Mailzone85@gmail.com



## കുടിക്കുന്ന മലയാളികൾ കുടുന്നതെന്താണ്?

ലക്കം 847ലെ വായനക്കാരുടെ കോളത്തിൽ ജലീൽ ഊരകം എടുത്തുകാട്ടിയ മദ്യദുരന്തക്കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. നൂറുക്ക്നൂറ് സാക്ഷരതയുള്ള നാടാണിത്. പക്ഷേ, ഈ അക്ഷരപ്പെരുമ തൊലിപ്പുറത്തെ പാട് മാത്രമാണെന്നും അതിന്റെ വെളിച്ചം ഉള്ളിലേക്കിറങ്ങിയിട്ടില്ലെന്നും തെളിയിക്കുന്നതാണ് മലയാളിയുടെ അളവ് കൂടുന്ന മദ്യോപയോഗം. അക്ഷരം കൂട്ടിവായിക്കാനറിയുന്ന മലയാളിക്ക് ആ കഴിവുപയോഗപ്പെടുത്താൻ തക്ക കോച്ചിംഗ് എവിടെനിന്നും കിട്ടുന്നില്ല എന്നാണ് മനസ്സിലാവുന്നത്. നിലവാരമുള്ള പുസ്തകങ്ങൾ വായിച്ച് അറിവ് വർധിപ്പിക്കാനോ ഉൾക്കാഴ്ചയുണ്ടാക്കാനോ മലയാളിക്ക് വെളിച്ചം കിട്ടിയില്ല. ഇതിന് മുൻകൈയെടുക്കേണ്ടവർ സർക്കാറാണ്. എല്ലാം സർക്കാറിനെക്കൊണ്ടാവുമോ എന്നു ചോദിക്കാം. എന്നാൽ സർക്കാറിന് ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിവാകാൻ പറ്റില്ല. നാട്ടിൽ ധാർമിക സദാചാര സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും ഇക്കാര്യത്തിൽ വലിയ ബാധ്യതയുണ്ട്. സർക്കാറിനെ കൊണ്ട് ചെയ്യിപ്പിക്കലല്ല ഈ സംഘടനകളുടെ ചുമതല. ഉള്ളുണർത്തുന്ന പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും എത്തിച്ച് കൊടുത്ത് മലയാളിക്ക് മനു

ഷ്യസ്നേഹവും കുടുംബസ്നേഹവും ഇഛാശക്തിയും ഉണ്ടാക്കിയെടുക്കാനുള്ള വഴികാണണം. നമ്മുടെ നാട്ടിലെ സംസ്കാരിക സംഘടനകൾക്കും കുഴപ്പങ്ങളുണ്ട്. അവർക്ക് കലാപരിപാടികളല്ലാതെ മറ്റൊന്നുമറിയില്ല. പൊതുവെ മാംസനിബന്ധമായ ചിന്തകളുമായി നടക്കുന്ന മലയാളിയെ കൂടുതൽ ഇറച്ചിപ്പണ്ടാരമാക്കുന്ന കലകളുടെയും മിക്ക സാംസ്കാരിക സംഘടനകളുടെയും അരങ്ങിൽ വാഴുന്നത്. പ്രിന്റ് മീഡിയയും വിഷ്വൽമീഡിയയും ഇങ്ങനെ ഒളിഞ്ഞുനോക്കുന്ന മലയാളിക്ക് വേണ്ടിയാണ് വിഭവങ്ങളൊരുക്കുന്നത്. മാത്രമല്ല, മാനസികമായും മലയാളി തകർന്നിരിക്കുന്നു. മാറിച്ചിന്തിക്കാൻ, നേരിലേക്ക് തിരിക്കാൻ അവനെ പ്രാപ്തമാക്കുന്ന യാതൊരു വിളക്കുകാലും മലയാളത്തിൽ നടുനിവർത്തി നിൽക്കുന്നില്ല എന്നതും എടുത്തുപറയേണ്ട നോവാണ്.

**ഹാരിസ് എൻ കുമ്പോട്**

# വംശീയതയുടെ ഹുങ്ക്

ഇസ്ലാമിനെതിരെ എക്കാലത്തും അമ്പെയ്ത്തു നടത്തുന്നവർ പാശ്ചാത്യരാണ്. അതിന് ചുക്കാൻ പിടിക്കുന്നതും ഓശാന പാടുന്നതും അധികാരത്തിന്റെ ശീതളച്ഛായയിൽ ഉല്ലസിക്കുന്ന ഉന്മാദരോഗികളായ അധികാരികളാണെന്നതിൽ സന്ദേഹമില്ല. ഒരു പക്ഷേ യൂറോപ്യന്മാരുടെ മുഖ്യ കുലത്തൊഴിൽ ഇസ്ലാമിക വിമർശനമാണെന്ന് തറപ്പിച്ചുപറഞ്ഞാൽ അത് തെറ്റായിപ്പോകില്ല. ഇത്തരം ജീർണതകൾ പേറി നടക്കുന്നതിന്റെ ഉദാഹരണങ്ങളാണ് ഫ്രഞ്ച് പ്രസിഡന്റ് സർ നിക്കോളാസ് സർക്കോസിയുടെ ചെത്തിമിനുക്കിയ പ്രസ്താവനകൾ. പർദ്ദയണിഞ്ഞ് സ്വയം രക്ഷിതരായി കഴിയുന്ന മുസ്ലിം സ്ത്രീകൾക്കെതിരെയായിരുന്നു സർക്കോസിയുടെ നാക്കിട്ടടിക്കൽ. വെറും കാമശമനത്തിനുള്ള ഉപകരണമായി സ്ത്രീകളെ കണ്ട സർക്കോസിമാർ മുസ്ലിം സ്ത്രീകളെയും നെറികെട്ട വേശ്യാസംസ്കാരത്തിലേക്ക് വലിച്ചിടണമെന്ന് സ്വപ്നം കാണുന്നവരാണ്.


ഫ്രഞ്ച് പ്രസിഡന്റ് സർക്കോസിയെ തെരഞ്ഞെടുക്കുമ്പോഴും അതിനു ശേഷവും വിളിക്കപ്പെട്ടിരുന്നത് ഫ്രഞ്ച് പാസ്പോർട്ടുള്ള അമേരിക്കൻ നവയാഥാസ്ഥികൻ (American neo-conservative with a french passport) എന്നായിരുന്നു. ഇതിൽനിന്ന് ഉരിത്തിരിഞ്ഞുവരുന്നത് അദ്ദേഹത്തിന്റെ അമേരിക്ക-ബ്രിട്ടീഷ് ബന്ധമാണ്. മാത്രമല്ല, ഇസ്രയേൽ ബന്ധവും. പ്രതിപക്ഷ നേതാവ് ബെഞ്ചമിൻ നെതന്യാഹു ഇസ്രയേലിന്റെ സുഹൃത്ത് എന്നാണ് തിരഞ്ഞെടുപ്പുകാലത്ത് സർക്കോസിയെ വിശേഷിപ്പിച്ചത്. ജറൂസലേമിലെ ജനപ്രിയ പത്രത്തിൽ സർക്കോസിയുടെ വിജയത്തിൽ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ട് അച്ചടിച്ചുവന്നതിങ്ങനെയാണ്: കാത്തലിക് ഫ്രഞ്ച് പ്രസിഡന്റിന്റെ ജൂതവേരുകൾ ജറൂസലേമിൽ വൻപ്രതീക്ഷകൾ വളർത്തിയിരിക്കുകയാണ്. ഞാൻ ഇസ്രയേലിന്റെ ഉറ്റ ചങ്ങാതിയാണ്. എന്റെ ചങ്ങാത്തം ഇസ്രയേലിന് എന്നും ആശ്രയിക്കാവുന്നതാണ് എന്നതായിരുന്നു സർക്കോസി ഇസ്രയേൽ പ്രധാനമന്ത്രി യഹൂദ് ഒൽമർട്ടിന് മുമ്പിൽ സമർപ്പിച്ച സാക്ഷ്യപത്രം. കാരണം അദ്ദേഹം ജൂതവാക്സിനുകൾ കുത്തിവയ്ക്കപ്പെട്ടയാളാണ്. തീവ്ര മുസ്ലിം വിരോധിയും ഇസ്ലാമിക സംസ്കാരങ്ങളേയും മര്യാദകളേയും അരുംകൊല ചെയ്യാൻ ശ്രമിക്കുന്ന ജൂതക്യാപ്റ്റനുമാണയാൾ. മുസ്ലിം കുപ്പായമണിഞ്ഞ പുറം കറുത്ത അകം വെളുത്ത അമേരിക്കൻ പ്രസിഡന്റ് ബരാക്ഹുസൈൻ ഒബാമയെപ്പോലോത്ത ഒരു യഹൂദ ക്രിസ്ത്രീയ പ്രേമി അവരുടെ കണ്ണിലുണ്ണിയും. ഫ്രഞ്ച് പ്രസിഡന്റിന്റെ മുസ്ലിം വിരുദ്ധ നയങ്ങളിൽ അദ്ഭുതപ്പെടാനില്ല. കാരണം, പാശ്ചാത്യൻ വംശീയത നിറഞ്ഞുനിൽക്കുന്ന രാജ്യങ്ങളിൽ അധികാരത്തിന്റെ ചെങ്കോലിൽ ഇടം കിട്ടണമെങ്കിൽ ഒരു വേളയെങ്കിലും ഇസ്ലാമിക സംസ്കാരങ്ങളെയും മുസ്ലിംകളെയും ഇകഴ്ത്തുകയും നീചമായി അവതരിപ്പിക്കുകയും ചെയ്യുന്നത് ഭരണത്തിൽ കയറാൻ അവർ ചെയ്യുന്ന സത്യപ്രതിജ്ഞക്ക് തുല്യമായിട്ടാണ് യഹൂദരും ക്രിസ്തീയരും കണക്കാക്കുന്നത്.

മുസ്ലിംകളുടെ ഹൃത്തടത്തിൽ മായാത്ത മുദ്രയായി മാറിയ നബി(സ)യെ ഒന്നുമല്ലാതാക്കി മാറ്റുക എന്നതാണ് യൂറോപ്യരുടെ കുലത്തൊഴിൽ. പ്രവാചകനെതിരെ സാത്താനിക് വേഴ്സസിലൂടെ പേനയുന്തിയ സൽമാൻ റുഷ്ദിക്ക് നൈറ്റ്ഹുഡ് (പ്രഭുപദവി) നൽകി ആദരിച്ച ബ്രിട്ടീഷ് ഗവൺമെന്റിന്റെ ചെയ്തിനെ നഗ്നമായ ... [illegible] ഗണിക്കാൻ കഴിയൂ. ഇത്തരത്തിലുള്ള തരാതരം വിമർശനങ്ങളുപയോഗിച്ച് മുസ്ലിംകളെ നോവിക്കുന്നവരെ പദവികൾ നൽകി ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പാശ്ചാത്യ ഭരണകർത്താക്കളെ വിശാല ബഹുസ്വരതയുടെ ആളുകളായി ഗണിക്കേണ്ടതുണ്ടോ?

ഇന്ത്യയുടെ മുൻ രാഷ്ട്രപതി കെ ആർ നാരായണനെ സർക്കോസി അസ്പൃശ്യൻ എന്നു വിളിച്ചത് മറക്കാനുള്ള പ്രായമൊന്നും ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിനെത്തിയിട്ടില്ല. മൻമോഹൻ സൗകര്യപൂർവം മറന്നതായിരിക്കാം. കാരണം ഇന്ത്യ സിംഗിലൂടെ അമേരിക്കയുടെ വളർത്തുപൂച്ചയായി മാറിക്കഴിഞ്ഞു. ഫ്രാൻസാകട്ടെ, അമേരിക്കയുടെ മറ്റൊരു മുഖവും. അമേരിക്ക അൽപ്പം യുറേനിയം കാണിച്ച് പല്ലിളിച്ചപ്പോൾ മൻമോഹന്റെ കണ്ണ് മഞ്ഞളിച്ചതാണ് പ്രശ്നം.

സർക്കോസി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്നതിന്റെ മുമ്പായി അറബ് വംശജരുടെയും ആഫ്രിക്കയിൽ കുടിയേറിപ്പാർത്ത കറുത്ത വർഗക്കാരുടെയും സ്കാഫ്ധാരിണികളുടെയും കുത്തൊഴുക്ക് പോളിംഗ്ബൂത്തിൽ ദൃശ്യമായപ്പോൾ ക്രൈസ്തവത അപകടത്തിൽ എന്ന മുദ്രാവാക്യം മുഴങ്ങിക്കേട്ടു. കടുത്ത വംശീയവാദിയായ ലീ പെൻഗിന്റെ അനുയായികൾ മുഴുവനും സർക്കോസിക്ക് പിന്തുണ നൽകിയപ്പോൾ ഒരു പത്രപ്രവർത്തകൻ എഴുതിയിങ്ങനെയാണ്: I really worry about what will happen to us if Sarkozy is elected. This carnpaing has been based on raice. No balcks, no Muslims patting white christians against other. സർക്കോസി തിരഞ്ഞെടുക്കപ്പെട്ടാലുള്ള അവസ്ഥയെക്കുറിച്ച് ഞാൻ തീർച്ചയായും ഭയപ്പെടുന്നു. ഈ തിരഞ്ഞെടുപ്പ് പ്രചാരണം വംശീയാടിസ്ഥാനത്തിലാണ്. കറുത്ത വർഗക്കാർക്കും മുസ്ലിംകൾക്കും എതിരെ വെളുത്ത ക്രിസ്ത്യാനികളെ അണിനിരത്തിക്കൊണ്ടുള്ളതാണ്. ഇത്തരം യാഥാർത്ഥ്യങ്ങൾ വരും തിരഞ്ഞെടുപ്പുകളിലും പ്രതീക്ഷിക്കാവുന്നതാണ്.

**നിസാർ പറങ്കിമൂച്ചിക്കൽ,**
**കോട്ടക്കൽ**



# ഓർമ

## സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ

# എന്റെ അനുജൻ

**ഓർമ/ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ**



*പല കാര്യങ്ങൾക്കും മറ്റുള്ളവരോട് സംസാരിക്കാൻ എന്നെ ഏൽപ്പിക്കാറുള്ളതുപോലെ ഞാൻ സമ്മർദം ചെലുത്തി പല കാര്യങ്ങൾക്കും തയാറായ അനുഭവവും പറയാനുണ്ട്. മുസ്‌ലിംലീഗിന്റെ പ്രസിഡന്റ് സ്ഥാനത്തെത്തിയ സംഭവത്തിൽ അത്തരത്തിലുള്ള ഒരു അനുഭവമുണ്ട്.*

എന്നെ സംബന്ധിച്ചിടത്തോളം സ്നേഹനിധിയായ അനുജനും ഉറ്റ സുഹൃത്തുമാണ് വേർപിരിഞ്ഞിരിക്കുന്നത്.

സയ്യിദ് ഹുസൈൻ ശിഹാബാണ് പാണക്കാട് കുടുംബത്തിന്റെ പിതാവ്. മലപ്പുറത്തിനടുത്ത് കടലുണ്ടിപ്പുഴയുടെ തീരത്ത് പട്ടർകടവിനും കാരത്തോടിനുമിടയിലുള്ള ഈ കൊച്ചു പ്രദേശം കേരള മുസ്‌ലിം ചരിത്രത്തിലെ കണ്ണായ മണ്ണായതിനു പിന്നിൽ അന്നാട്ടുകാരുടെ പണ്ഡിത സ്നേഹമുണ്ട്. സയ്യിദ് ഹുസൈൻ ശിഹാബ് എന്നവരെ അന്നാട്ടുകാർ നിർബന്ധിച്ച് കൂട്ടിക്കൊണ്ടുവരികയും അവിടെ താമസിപ്പിക്കുകയും ചെയ്തു. ആ പരമ്പരയാണ് പിന്നീട് കനകജ്യോതിപകർന്ന് കേരള ജനതയുടേതായി മാറിയത്.

പാണക്കാട് ഹുസൈൻ ശിഹാബ് തങ്ങളുടെ മകൻ പിഎംഎസ്എ പൂക്കോയതങ്ങളുടെ മകനാണ് മുഹമ്മദലി ശിഹാബ് തങ്ങൾ. എന്റെ പിതാവ് പൂക്കോയതങ്ങളുടെ നേരെ മുകളിലുള്ള ജ്യേഷ്ഠനാണ് പൂക്കോയതങ്ങൾ. സഹോദരപുത്രന്മാരായതിനാൽ ഒരു ജ്യേഷ്ഠാനുജ ബന്ധമാണ് ഞങ്ങൾക്കിടയിലുണ്ടായിരുന്നത്. എന്നെക്കാൾ എട്ടു വയസ്സ് കുറവാണ് ശിഹാബ് തങ്ങൾക്ക്.

ആദ്യകാലത്തൊക്കെ പാണക്കാട്ട് ചെന്നാൽ 'ഇക്കാക്ക' എന്നു വിളിച്ച് കൂടെകൂടുമായിരുന്നു. അൽപ്പം മുതിർന്നപ്പോൾ ഇടക്കിടെയുള്ള സന്ദർശനങ്ങളിൽ രാത്രി ഒരുമിച്ചായിരുന്നു ഉറക്കം. ദീർഘനേരം, ബാല്യത്തിന് വിഷയങ്ങളാകാവുന്ന കാര്യങ്ങൾ ഞങ്ങളുടെ ചർച്ചയിൽ വരും. ഒരിക്കൽ മുഹമ്മദലി ശിഹാബ് തങ്ങൾക്ക് കടൽ കാണാൻ വലിയ ആഗ്രഹം. നേരിട്ടു പറഞ്ഞാൽ എളാപ്പ (പൂക്കോയ തങ്ങൾ) സമ്മതിക്കില്ല. അങ്ങനെ ഞാൻ ഇടപെട്ട് സമ്മതം വാങ്ങി. ഇത് ചെറുപ്പത്തിലെ ഒരു നിസ്സാര കാര്യമായിരുന്നെങ്കിലും പിന്നീട് ജീവിതയാത്രക്കിടയിൽ പലകാര്യങ്ങളും ഇത്തരത്തിൽ ബന്ധപ്പെടുന്ന രൂപത്തിലുള്ള സൗഹൃദമായിരുന്നു ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നത്.

കോഴിക്കോട് എം എം ഹൈസ്കൂളിൽ പഠിച്ച കാലത്ത് സൗഹൃദം ഒന്നുകൂടി ദൃഢമായി. പിന്നെ തലക്കടത്തൂർ ദർസിൽ പഠിച്ചപ്പോഴും അൽഅസ്ഹറിൽ ചെന്നപ്പോഴും ആ ബന്ധം കാത്തുസൂക്ഷിച്ചു. പല കാര്യങ്ങൾക്കും മറ്റുള്ളവരോട് സംസാരിക്കാൻ എന്നെ ഏൽപ്പിക്കാറുള്ളതു പോലെ ഞാൻ സമ്മർദം ചെലുത്തി പല കാര്യങ്ങൾക്കും തയാറായ അനുഭവവും പറയാനുണ്ട്. മുസ്‌ലിംലീഗിന്റെ പ്രസിഡന്റ് സ്ഥാനത്തെത്തിയ സംഭവത്തിൽ അത്തരത്തിലുള്ള ഒരു അനുഭവമുണ്ട്.

എളാപ്പ മരിച്ചതിന്റെ മൂന്നാംദിവസം രാത്രി പാണക്കാട് ലീഗ് നേതാക്കളുടെ യോഗം നടക്കുകയാണ്. സേട്ടുസാഹിബ്, സിഎച്ച് തുടങ്ങിയ നേതാക്കളെല്ലാമുണ്ട്. പുതിയ പ്രസിഡന്റ് തെരഞ്ഞെടുപ്പാണ് അജണ്ട.

അവസാനമവർ മുഹമ്മദലി ശിഹാബ് തങ്ങളെ പ്രസിഡന്റാക്കാൻ തീരുമാനിച്ചു. പക്ഷേ, ഒരു നിലയ്ക്കും ആ സ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം തയാറായില്ല. കാര്യസ്ഥൻ അഹമ്മദ് ഹാജി പറഞ്ഞാണ് ഞാൻ ഈ വിവരം അറിയുന്നത്. അവരുടെയെല്ലാം നിർദ്ദേശപ്രകാരം ഞാൻ ഈ വിഷയം അദ്ദേഹത്തോട് സംസാരിച്ചു. എന്നാൽ പഴയ മറുപടി തന്നെയാണ് തങ്ങൾ ആവർത്തിച്ചത്.

എന്റെ നിരന്തരമുള്ള സമ്മർദ്ദമായപ്പോൾ പ്രസംഗിക്കാനറിയില്ലെന്ന വിനയമാണ് മുന്നോട്ടു വച്ചത്. അപ്പോൾ ഞാൻ പറഞ്ഞു: "നിങ്ങളുടെ പിതാവും ഭാര്യാപിതാവുമെല്ലാം ലീഗിന്റെ പ്രസിഡന്റുമാരായിരുന്നു. അവർ വലിയ പ്രഭാഷകരായിരുന്നില്ല. അവർ പറയുന്നതെന്താണോ അത് തന്നെയാണ് പ്രസംഗം.'' പിന്നീട് വിസമ്മതത്തിന് ശക്തികുറഞ്ഞു. മൗനമായി. ഒടുവിൽ ആ സ്ഥാനം ഏറ്റെടുക്കാൻ തയാറായി. കാര്യസ്ഥനടക്കം പലരും പറഞ്ഞു: 'നിങ്ങളെ മരുന്നാണ് ഫലം ചെയ്തത്.'

ഇതുപോലുള്ള ഒരനുഭവം പൊന്നാനി മഊനത്തിന്റെ പ്രസിഡന്റ് സ്ഥാനത്തെത്തിയതിന്റെ പിന്നിലും പറയാനുണ്ട്. ലീഗിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ കോഴിക്കോട്ട് ഒരു സ്വീകരണം തീരുമാനിച്ചു. പക്ഷേ, വിനയാന്വിതനായ അദ്ദേഹം പതുക്കെ അതിൽനിന്ന് മാറിനിൽക്കാൻ തീരുമാനിച്ചു. അപ്പോൾ നഗരത്തിലെ ലീഗിന്റെ പല നേതാക്കളും എന്നെ സമീപിച്ചു കാര്യം പറഞ്ഞു. ഞാൻ പറഞ്ഞു നിർബന്ധിച്ചപ്പോൾ വരാമെന്നേറ്റു. വന്നെത്തിയപ്പോൾ തുറന്ന വാഹനത്തിൽ ആനയിക്കൽ പരിപാടിയുണ്ടായിരുന്നു. അത് പറഞ്ഞപ്പോഴും വൈമുഖ്യം. ഒടുവിൽ ഞാൻ കൂടെ വാഹനത്തിൽ കയറാമെന്നായി. അവസാനം ഞാനും കൂടി കയറിയപ്പോഴാണ് അന്നതിന് തയാറായത്.

അദ്ദേഹത്തിന്റെ വിനയവും മിതമായ സംസാരവും കാണുമ്പോൾ 'നിങ്ങൾ ലീഗിന്റെ പ്രസിഡന്റാണ്, ബാഫഖി തങ്ങളുടെ പിൻഗാമി. അതിനാൽ അൽപംകൂടി സ്ട്രോങ്ങാവണം' എന്നു ഞാൻ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. ഏതായാലും ആ സ്നേഹവും സൗഹൃദവും ആദരവർഹിക്കുന്നു. ആ വിനയം അതിലേറെ അടിവരയിടേണ്ട സ്വഭാവമഹിമയാണ്. നാഥൻ നിത്യശാന്തി നൽകട്ടേ.

# വട്ടമേശയിലെ വിളക്ക്

ഓർമ/ ഇ ടി മുഹമ്മദ് ബഷീർ എം പി

*അശരണരുടെ നെഞ്ചകത്തെ നെരിപ്പോടിന്റെ ചൂട് ഉള്ളിൽ വഹിച്ചായിരുന്നു ആ വിളക്ക് കത്തിയിരുന്നത്. -ശിഹാബ് തങ്ങളെ ഓർക്കുകയാണ് ലേഖകൻ*

**ഹി**റാഗുഹയിൽനിന്ന് ആദ്യത്തെ വഹ്‌യനുഭവവുമായി പേടിച്ച് പനിച്ചുവിറച്ചു വന്നതാണ് റസൂൽ. 'എന്നെ പുതപ്പിട്ട് മൂടൂ' എന്ന് വിറയ്ക്കുന്ന ചുണ്ടുകളോടെ പറയുന്നുണ്ട് റസൂൽ. അന്നേരം ആത്മസഖിയായ ഖദീജ റസൂലിനെ സമാധാനിപ്പിച്ചു: "അങ്ങയെ അല്ലാഹു കൈവിടില്ല. അങ്ങ് അശരണരെ ആശ്വസിപ്പിക്കുന്നവനല്ലേ? മറ്റുള്ളവരുടെ പ്രയാസങ്ങൾ ചുമടേറ്റുന്നവനല്ലേ?"

വിട്ടുമാറാത്ത വിതുമ്പലുകളും നനയുന്ന ഓർമകളും ബാക്കിയാക്കി കടന്നുപോയ ശിഹാബ് തങ്ങളെക്കുറിച്ചോർക്കുമ്പോൾ എനിക്കോർമ വരുന്നത് ഈ ചരിത്രാനുഭവമാണ്. ശിഹാബ് തങ്ങൾ അത്രക്ക് മറ്റുള്ളവരുടെ നെഞ്ചകത്തെ നെരിപ്പോടിന്റെ ചൂട് ഏറ്റെടുത്തനുഭവിച്ചയാളാണ്.

### വട്ടമേശ

സുപ്രീംകോടതിയിൽ തീരാത്ത കാര്യങ്ങൾ പാണക്കാട്ടെ വട്ടമേശയിൽ തീർത്തുവെന്ന് നാട്ടിൻപുറത്തു പറഞ്ഞുകേൾക്കാറുണ്ട്; അക്ഷരാർത്ഥത്തിൽ ശരിയാണത്. വേവുന്ന മനസ്സുകളിൽ ആശ്വാസത്തിന്റെ തെളിനീർ തെളിച്ച് തണുപ്പിക്കാനായി മാത്രം നമുക്കിടയിൽ സമയത്തിന്റെ ഏറിയ പങ്കും വ്യയംചെയ്ത അപൂർവ പ്രതിഭാശാലി തന്നെയായിരുന്നു തങ്ങൾ.

ആ വട്ടമേശക്കു ചുറ്റും ആരൊക്കെയാണ് വന്നിരുന്നത്? കേരളത്തിന്റെ രാഷ്ട്രീയ ഗതിവിഗതികൾ മാറണമെന്നു പറയുന്നവർ, മാനസിക പിരിമുറുക്കം വന്നിട്ട് ശമനം കിട്ടാത്തവർ, വിവാഹപ്രായമെത്തിയ മക്കൾക്ക് യോജിച്ച ഇണയെ കിട്ടാനായി കൊതിക്കുന്നവർ, അന്യോന്യം പിണങ്ങിയ ഇണകൾ, അതിർത്തി/സ്വത്ത് തർക്കങ്ങളിൽ പെട്ടവർ... എല്ലാവരുമുണ്ടാകും. അതിനൊക്കെ എന്തെങ്കിലുമൊരു പരിഹാരം തങ്ങളുടെ അടുത്തുണ്ടാവും.

മണിക്കൂറുകൾ നീണ്ട സംഭാഷണങ്ങളിലൂടെയല്ല തങ്ങളുടെ പരി





ഹാരങ്ങൾ ഉരുത്തിരിയാറുള്ളത്. എല്ലാം കേട്ട് വിധിപറയുകയാണ് തങ്ങൾ. കേട്ടവർ ആ വിധി അംഗീകരിക്കുന്നു. ആ വിധി ചെവിക്കൊള്ളാതിരുന്നാൽ അത് ഗുണംപിടിക്കില്ല എന്നൊരു ആത്മീയചിന്തയുടെ വെളിച്ചത്തിലാണ് പ്രശ്നവുമായി വന്നവർ അന്യോന്യം കൈകൊടുത്ത് പാണക്കാട്ടുനിന്ന് പിരിയുന്നത്. ഇതിന് അധികം വാക്കുകൾ ഉപയോഗിക്കുന്നില്ല തങ്ങൾ. അളന്നുമുറിച്ച വാക്കുകൾ കൊണ്ട് തങ്ങൾ എല്ലാവർക്കുമിടയിൽ ഒരു പാലമിട്ടിരിക്കും.

### നിറകുടം

നിറകുടം തുളുമ്പില്ല എന്നു പറയാറുണ്ടല്ലോ. തങ്ങളുടെ കാര്യത്തിലെങ്കിലും അത് ശരിയായിരുന്നിട്ടുണ്ട്. അറബി, ഇംഗ്ലീഷ്, ഉറുദു, മലയാളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനറിയാമായിരുന്നു തങ്ങൾക്ക്. പക്ഷേ, തങ്ങളെ കാണുന്നവർക്ക്, തങ്ങളോടൊപ്പം പോവുന്നവർക്ക് ഇതറിഞ്ഞുകൊള്ളണമെന്നില്ല. അവസരം വരുമ്പോൾ തങ്ങൾ തെളിമയുള്ള ഭാഷയിൽ ചെത്തിമിനുക്കി സംസാരിക്കും; അത്യാകർഷക ശൈലിയിൽ. ഇവിടം സന്ദർശിക്കാനെത്തുന്ന അറബിപണ്ഡിതന്മാർ പോലും തങ്ങളുടെ വാക്കുകൾക്കു മുന്നിൽ അത്ഭുതപരതന്ത്രരായിട്ടുണ്ട്. അതിന്റെ സാഹിത്യസമ്പുഷ്ടതയും ശൈലീഭംഗിയും ഒന്നു വേറെത്തന്നെയായിരുന്നു.

### ധവളിമ

ഖുർആനിൽ നിസ്കാരത്തോടൊപ്പം ചേർത്തുപറഞ്ഞ ഒരു സൻമനോഭാവമാണ് ക്ഷമ. അതിന്റെ അത്യുന്നത ശ്രേണിയിലെത്തിയിരുന്നു തങ്ങൾ. പാതിരാനേരത്ത് വീട്ടിലെത്തുമ്പോൾ അവിടെ കാത്തുനിൽക്കുന്ന ആരെയും തങ്ങൾ നിരാശപ്പെടുത്താറില്ല. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയിട്ടേ തങ്ങളും കൊടപ്പനക്കലെ വിളക്കുകളും കണ്ണുചിമ്മിയിരുന്നുള്ളൂ.

ഈയടുത്തകാലത്ത് സന്ദർശകർക്ക് മുത്താൻ കൈകൊടുക്കരുതെന്ന് ഡോക്ടർമാർ ഉപദേശിച്ചിരുന്നു. പക്ഷേ തങ്ങൾക്ക് അങ്ങനെ ചെയ്യാനാകുമായിരുന്നില്ല. ആരെയും നിരസിക്കാനാവാത്ത തങ്ങൾ ഡോക്ടർമാരുടെ വിലക്കു ലംഘിച്ച് തന്റെ കരം ഗ്രഹിക്കാനാഗ്രഹിച്ചവർക്ക് അതു നൽകി. ആരോടും വേണ്ടെന്ന് പറഞ്ഞില്ല. വേഷത്തിലെ ധവളിമ പോലെ ആ മനസ്സും ധവളിമചരായയിൽ മുങ്ങിക്കുളിച്ചു നിന്നു.

### അരുവി

അകന്നു നിൽക്കുന്നവരെ അടുപ്പിക്കുന്നതിൽ അപൂർവ സിദ്ധിയുണ്ടായിരുന്നു തങ്ങൾക്ക്. അതിന്നായി അദ്ദേഹം അഹോരാത്രം പണിപ്പെട്ടു. നോക്കും വാക്കും വരയും ഐക്യത്തെ കുറിച്ചായി. അന്യോന്യം അകന്നുനിൽക്കുന്ന സമുദായ സംഘടനകളെ ഒരു മേശക്കുചുറ്റും കിട്ടാൻ തങ്ങൾ അതിയായി മോഹിച്ചു, യത്നിച്ചു. പലതും ഫലം കണ്ടു. അവിടെയും തങ്ങൾ വാക്കുകളെക്കൊണ്ടല്ല, ഉദാത്തമായ സ്നേഹം കൊണ്ടും നിറപുഞ്ചിരി കൊണ്ടും ആധ്യാത്മിക പശ്ചാത്തലമുള്ള കൊച്ചുവാക്കുകൾ കൊണ്ടുമാണ് അനുനയത്തിന്റെ അരുവി കീറിയത്.

### അന്ന് പിന്നോട്ട്

എനിക്കോർമയുണ്ട്, ബാബരിമസ്ജിദ് തകർന്നുവീണ ദിനം. ആ കറുത്ത ഞായറാഴ്ച. അന്നാണ് തിരൂരിലെ ലീഗ് നേതാവ് കുഞ്ഞിഹാജി മരിച്ചത്. ജനാസ നിസ്കാരത്തിന് നേതൃത്വം നൽകാനായി തങ്ങൾ തിരൂരിലേക്ക് പുറപ്പെട്ടു. ക്ഷുഭിതരായ ജനക്കൂട്ടം തെരുവിലിറങ്ങിയ നേരം. കോട്ടക്കലിൽ തങ്ങളുടെ വാഹനം തടഞ്ഞു. തങ്ങളാണ് വാഹനത്തിലെന്നറിഞ്ഞുകൊണ്ടായിരുന്നില്ല അവരത് ചെയ്തത്. ആളെ തിരിച്ചറിഞ്ഞപ്പോൾ അവരെല്ലാവരും ഒരുപോലെ പറഞ്ഞു: "തങ്ങൾ മുന്നോട്ടു പോവട്ടെ." പക്ഷേ പ്രശ്നകലുഷിതമായ അന്തരീക്ഷത്തിന്ന് തന്റെ യാത്ര ഒരു നിമിത്തമാവാതിരിക്കട്ടെ എന്ന് തങ്ങളുടെ മനസ്സ് പറഞ്ഞിട്ടുണ്ടാവണം. തങ്ങളുടെ വണ്ടി മുന്നോട്ടുപോയില്ല; പാണക്കാട്ടേക്കു തന്നെ തിരിക്കാനായിരുന്നു തങ്ങൾ ഡ്രൈവറോട് പറഞ്ഞത്.

### കാരുണ്യം


ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഇത്രയേറെ മനസ്സ് തന്ന ഒരു മനുഷ്യനെ കണ്ടിട്ടില്ല. അക്കാര്യം പറയുമ്പോൾ എല്ലാ വിവശതകളും മാറ്റിവച്ച് തങ്ങൾ എവിടെയും പോരും. തിരുവനന്തപുരത്തെ സി എച്ച് സെന്ററിന്റെ കാര്യത്തിൽ ഈ സന്നദ്ധത എത്രയോ തവണ ഞാനനുഭവിച്ചിട്ടുണ്ട്. മിണ്ടാപ്രാണികളോടും തങ്ങൾ ഈ കാരുണ്യം കാണിച്ചു. അവയോട് വല്ലാതെ സ്നേഹം കാണിച്ചു. അവയുടെ ചലന നിശ്ചലനങ്ങൾ കൗതുകത്തോടെ നോക്കിനിന്നു. അതിലേറെ ആവേശമായിരുന്നു അവയ്ക്ക് ഭക്ഷണം നൽകാൻ. ബാംഗ്ലൂരിൽനിന്ന് ബത്തേരി വഴി കോഴിക്കോട്ടേക്കു വരുമ്പോൾ എനിക്കിത് അനുഭവമുണ്ട്. കാടെത്തിയാൽ തങ്ങൾക്ക് അവിടെ ഇറങ്ങണം. മൃഗങ്ങളെ കാണണം. തിന്നാൻ കൊടുക്കണം. അവിടെ കുറച്ച് സമയം ചെലവഴിക്കണം. കേരളത്തിലെ തിരക്കുപിടിച്ച നേതാവിന്റെ ജീവിതത്തിൽ ഇതും ഒരു പ്രധാന അജണ്ടയായിരുന്നു.

### പിന്നെ

സാമ്പത്തികശേഷിയുള്ളവർക്കേ രാഷ്ട്രീയാധികാരങ്ങൾ നൽകുകയുള്ളൂ. എന്നൊരു പഴി അടുത്തകാലത്ത് തങ്ങളെപ്പറ്റി കേട്ടു. ശരിയല്ല അത് എന്ന് എന്റെ കാര്യമെങ്കിലും ആലോചിച്ചാലറിയാം. ഒരു വ്യവസായത്തൊഴിലാളിയായി, സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച ഒരാളാണ് ഞാൻ. അങ്ങനെയുള്ള എനിക്ക് ഏറ്റവും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾതന്നെ തങ്ങൾ നൽകി. ഞങ്ങളൊക്കെ വഹിക്കുന്ന സ്ഥാനങ്ങൾ ഏൽപിച്ചത് തങ്ങളാണ്. തങ്ങളുടെ ഈ സൻമനോഭാവത്തോട് എനിക്കേറെ കടപ്പാടുണ്ട്. തങ്ങളുടെ ആത്മാവിന് നിത്യശാന്തിയുണ്ടാവട്ടേയെന്ന് പ്രാർത്ഥിച്ച് നമുക്കൊക്കെ അനുഗൃഹീതരാവാം.

# വിമോചന സമരത്തിന്റെ അമ്പതാണ്ടുകൾ

കവർ/ കെ സി ശൈജൽ



ഇ എം എസ്  മുഖ്യമന്ത്രിയുടെ ഓഫീസിൽ–1957

പ്രതിലോമതകൾക്കെതിരെയുള്ള സംഹാരഭ്രമവും നിർമാണാത്മകവുമായ വൈരുധ്യാത്മക മുന്നേറ്റങ്ങളാണ് സമരം എന്നർത്ഥം. എന്നാൽ ഉടലോടെ നരകത്തിൽ പോകേണ്ട പ്രതിലോമതകളെ സമരം എന്ന വ്യാജനിർമിതികൊണ്ട് അടയാളപ്പെടുത്തുകയും അത് എക്കാലത്തെയും ശരിയായിരുന്നു എന്ന് തെറ്റായി വിളംബരം ചെയ്യുകയും ചെയ്യുന്നത് ആഢംബരപൂർണമായൊരു ആഭാസം തന്നെയാണ്.വിമോചന സമരത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പേര് മുതൽക്കേ ഈ ആഭാസത്തരം ആരംഭിക്കുന്നു

"കത്തോലിക്ക സഭയെ സംബന്ധിച്ചിടത്തോളം വിമോചനസമരം തെറ്റാണെന്ന് അന്നും ഇന്നും തോന്നിയിട്ടില്ല. അതൊരു തുടർപ്രക്രിയയാണ്. അതുകൊണ്ടു തന്നെ ആവശ്യമായഘട്ടങ്ങളിൽ വീണ്ടും സമരമുണ്ടാവുമെന്ന കാര്യത്തിൽ തർക്കമില്ല. ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ നിയമ ഭേദഗതി, സേവന വേതന വ്യവസ്ഥ, അധികാര വികേന്ദ്രീകരണം എന്നിവ കേൾക്കാൻ നല്ല രസമാണ്, പക്ഷേ, വിപ്ലവപ്രസ്ഥാനങ്ങൾക്കു വേണ്ടിയുള്ള ഹിഡൻ അജണ്ടയായിരുന്നു അവയൊക്കെ. പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണം പോലെ."

ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിമോചന സമരസുവർണ സ്മൃതി ഉദ്ഘാടനം ചെയ്തുകൊണ്ട് ഒല്ലൂരിൽ വച്ച് നടത്തിയ പ്രസംഗത്തിൽനിന്ന്.

ഐക്യകേരളം കണ്ട ഏറ്റവും വലിയ സമരമാണ് 'വിമോചന സമരം.' ഈ 'സമരം' നടന്ന് അൻപതു വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. അൻപതു വർഷങ്ങൾക്കിപ്പുറം നിന്നുകൊണ്ട് ചരിത്രപ്രധാനമായ ഒരു രാഷ്ട്രീയ സമരത്തെ വിലയിരുത്തുമ്പോൾ ഇടക്കാലത്തുണ്ടായിട്ടുള്ള സാമൂഹിക പരിവർത്തനങ്ങളുടെ വൻകുതിപ്പ് ആ വിലയിരുത്തലിനെ വൈകാരിക അപഭ്രംശങ്ങളിൽനിന്ന് പരമാവധി ശുദ്ധീകരിക്കുകയും വൈചാരികമായൊരു നവീനദിശാബോധം കൊണ്ട് കൃത്യമാക്കുകയും ചെയ്യുവാനാണ് സാമൂഹ്യ ശാസ്ത്രപരമായി കൂടുതൽ സാധ്യത. ഇത്തരമൊരു ശുഭാപ്തിവിശ്വാസത്തിന്റെ ശീതളസ്ഥലികളിലേക്ക് സമരപാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരെ ആരോഹണം ചെയ്തുകൊണ്ടു തന്നെയാണ് ഞാനീ സമരത്തെ പുനരവലോകനം ചെയ്യുവാൻ മുതിരുന്നത്. അകളങ്കിതമായ ചരിത്രബോധവും നൈതികതയും മാത്രമേ ഈ പ്രബന്ധത്തെ നിർണയിക്കാവൂ എന്നെനിക്ക് നിർബന്ധമുണ്ട്.

'വിമോചന സമര'ത്തിന്റെ മുഖ്യ നടത്തിപ്പുകാരായിരുന്ന കത്തോലിക്കാ സഭയുടെ ഇന്നത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരിലൊരാളായ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പ്രസ്തുത 'സമര'ത്തെക്കുറിച്ച് പറഞ്ഞു വച്ച അഭിപ്രായങ്ങളിൽനിന്ന് ഈ ചർച്ച ആരംഭിക്കുന്നതായിരിക്കും ഏറ്റവും ഉയർന്ന ജനാധിപത്യ മര്യാദ എന്ന് ഞാൻ കരുതുന്നു. മാർ താഴത്ത് ഹൈലൈറ്റ് ചെയ്യുന്ന പോയിന്റുകൾ ഇവയാണ്: (1) 'വിമോചന സമരം' ഒരിക്കലും ഒരു തെറ്റായിരുന്നില്ല. (2) സന്ദർഭം ആവശ്യപ്പെടുന്നതിനനുസരിച്ച് ഇനിയും ഈ മാതിരി 'സമരങ്ങൾ' നടക്കും. (3) ഭൂ-വിദ്യാഭ്യാസ പരിഷ്കരണങ്ങളും അധികാര വികേന്ദ്രീകരണവും

GOVERNMENT OF INDIA

MINISTRY OF HOME AFFAIRS

NOTIFICATION

*NewDelhi, the 31st July 1959*

No.G.S.R.991.The Following Order made by the President is published for general information.

ORDER

In pursuance of sub-clause (1) of clause (c) of the Proclamation issued on this the 31st day of July 1959 by the President under article 356 of the Constitution of India, the president is pleased to direct that all the functions of the Government of the State of Kerala and all the powers Vested in or exercisable by the Governor of the State under the Constitution or under any law in force in that state Which have been assumed by the president by virtue of Clause (a) of the said Proclamation, shall subject to the Superintendence direction and control of the president be exercisable also by Governor of the Said State.

RAJENDRA PRASAD
*President*

New Delhi,
The 31st July 1959.
6 P.M.

B.N.JHA
*Secretary to the Government of India*

**ഇഎംഎസ് മന്ത്രിസഭ പിരിച്ചുവിട്ടുകൊണ്ടുള്ള പ്രസിഡന്റിന്റെ ഉത്തരവ്**


തങ്ങൾ കരുതുന്ന ഏതൊരു രാഷ്ട്രത്തിന്റെയും ദേശീയ പരമാധികാരത്തെ ഗളഛേദം ചെയ്തു മാത്രം ശീലമുള്ള യുഎസ് ഇന്ത്യയിൽ നടത്തിയതായി തെളിഞ്ഞിട്ടുള്ള ഏറ്റവുമാദ്യത്തെ രാഷ്ട്രീയ ഇടപെടൽ/അട്ടിമറി ആണ് വിമോചന സമരം. (അനവരതം തുടർന്നുവരുന്ന ഈ കൊളോണിയൽ മെഗാസീരിയലിന്റെ ഏറ്റവും പുതിയ എപ്പിസോഡാണ് ഹിലാരിക്ലിന്റൺ കഴിഞ്ഞയാഴ്ച പട്ടിൽപ്പൊതിഞ്ഞ് കൊണ്ടുവന്ന 'എൻഡ് യൂസർ കരാർ') പില്ക്കാലത്ത് ഇന്ത്യയിലെ അമേരിക്കൻ അംബാസഡറായിരുന്ന മൊയ്നിഹാൻ വിമോചനസമരത്തിൽ യുഎസ് രഹസ്യാന്വേഷണ ഏജൻസിയും രാഷ്ട്രാന്തരീയ ജനാധിപത്യക്കശാപ്പ് തൊളിലാളികളുമായ സിഐഎ നടത്തിയ ഇടപെടലിനെക്കുറിച്ച് തന്റെ ആത്മകഥയിൽ നടത്തിയ പരാമർശങ്ങൾ ആണ് ഈ ദിശയിൽ വെളിച്ചം വിതറിയ ആദ്യത്തെ സംഭവവികാസം. എന്നാൽ 1957ൽ വിമോചന സമരകാലത്ത് ഇന്ത്യയിലെ യുഎസ് അമ്പാസഡറായിരുന്ന എൽസ്വർത്ത് ബങ്കറുടെ അടുത്തയിടെ പുറത്തിറങ്ങിയ ആത്മകഥയിൽ സമരത്തിലെ യുഎസ് പങ്കാളിത്തത്തെക്കുറിച്ചുള്ള നടുക്കുന്ന വെളിപ്പെടുത്തലുകളാണുള്ളത്. ബങ്കറുടെ ആത്മകഥയും സിഐഎ രേഖകളും ഉദ്ധരിച്ച് വിമോചന സമരത്തിലെ കാണാപ്പുറങ്ങൾ അനാവരണം ചെയ്തുകൊണ്ട് ഡോ. തോമസ് ഐസക് രചിച്ച ഗ്രന്ഥത്തിൽ ഇതിന്റെ വിശദാംശങ്ങൾ കാണാം.

വിമോചന സമര പ്രസ്ഥാനങ്ങൾക്ക് സിഐഎയുടെ പണം കൈമാറാനുള്ള ചുമതല താൻ നേരിട്ടാണ് നിർവഹിച്ചതെന്ന് ബങ്കർ സമ്മതിക്കുന്നു. ലോകത്തിന്റെ ഏതോ കോണിൽ കിടക്കുന്ന കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭയെ യുഎസ് എന്തിന് ഭയക്കണം എന്നൊരു പതിവു ചോദ്യമുണ്ട്. എന്നാൽ കേരളം ഒരൊറ്റപ്പെട്ട സംഭവമായിരുന്നില്ല. കേരളത്തോടൊപ്പം 1950കളിൽ തന്നെ തെരഞ്ഞെടുപ്പിലൂടെ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ നിലവിൽവന്ന ബ്രിട്ടീഷ് ഗയാന, ഗ്വാട്ടിമല, കോസ്റ്റോറിക്ക, ജാവ, കോംഗോ തുടങ്ങിയ രാജ്യങ്ങളിലും യുഎസ് ഇടപടുകയും ഭരണം അട്ടിമറിക്കപ്പെടുകയും ചെയ്തിരുന്നു. ഗ്വാട്ടിമലയിലും ഗയാനയിലും സിഐഎ യുടെ പിന്തുണയോടെ അട്ടിമറിക്ക് നേതൃത്വം നൽകിയ ക്രിസ്റ്റ്യൻ ആന്റി കമ്യൂണിസ്റ്റ് ക്രൂസേഡ് എന്ന സംഘടനയാണ് വിമോചന സമരകാലത്ത് സഭയുടെ ആശിർവാദത്തോടെ പ്രവർത്തിച്ചിരുന്ന 'കേരളധ്വനി' (ഡോ. ജോർജ് തോമസ്-എഡിറ്റർ) പത്രത്തിന്റെ സാമ്പത്തിക സ്രോതസ്സായി നിലകൊണ്ടത്. അതുപോലെ ഇന്ത്യൻ ഇന്റലിജൻസ് ബ്യൂറോ സിഐഎയുമായി സമരകാര്യങ്ങളിൽ സഹകരിച്ചതിനും തെളിവുകളുണ്ട്. വിമോചന സമരനേട്ടത്തെ ഇന്ത്യയ്ക്ക് പുറത്തും ഒരായുധമായി തങ്ങൾക്കുപയോഗപ്പെടുത്താമെന്നും ഇന്ത്യയ്ക്കകത്ത് തങ്ങൾക്കുവേണ്ട ജോലി കമ്യൂണിസ്റ്റ് വിരുദ്ധ മാധ്യമങ്ങളും സംഘടനകളും നിർവഹിച്ചു കൊള്ളണമെന്നും ആണ് സമരാനന്തരം സിഐഎ വിലയിരുത്തിയതെന്ന് രേഖകളുടെ പിൻബലത്തോടെ ഡോ ഐസക് വിശദീകരിക്കുന്നു.

ഇനിയും ഇത്തരം സമരങ്ങൾ നടക്കുമെന്ന് ദംഷ്ട്രകൾ കാട്ടി ഭീഷണിപ്പെടുത്തുന്ന വിമോചന സമരത്തിന്റെ സാംസ്കാരിക പിൻമുറക്കാരെ ലോകത്തിന്റെ പല കോണുകളിലും കാണാം. വിപ്ലവ പ്രസ്ഥാനങ്ങളെ അനാശാസ്യതയായി കണക്കാക്കുന്ന സാമ്രാജ്യത്വത്തിന്റെ ഈ പിണിയാളുകൾ രാഷ്ട്രീയം, മതം, മീഡിയ, എൻജിഒ, മനുഷ്യാവകാശ പ്രവർത്തനം തുടങ്ങി എളുപ്പം ആകർഷിക്കപ്പെടുന്നതും എളുപ്പം അഴിച്ചെടുക്കാനാവാത്തതുമായ മുഖം മൂടികളഞ്ഞുകൊണ്ടാണ് ഇത്തരം സമരങ്ങൾക്ക് ചുക്കാൻ പിടിക്കുക. സയണിസ്റ്റ് സാമ്രാജ്യത്വ മർദ്ദക വ്യവസ്ഥകളെ താങ്ങിനിർത്തുക എന്ന ഒരേയൊരു പിന്തിരിപ്പൻ രാഷ്ട്രീയ ദൗത്യമാണ് ഇക്കൂട്ടർക്ക് ആഗോളതലത്തിൽ നിർവഹിക്കാനുള്ളത്.

'സമരം' എന്ന പദത്തെയും ആശയത്തെയും മലിനീകരിച്ച വിമോചന സമരത്തിന്റെ അമ്പതാണ്ടുകൾക്കിടയിൽ നമ്മുടെ രാഷ്ട്രീയ-സാമൂഹിക രംഗങ്ങൾക്ക് ഒരുപാട് പരിവർത്തനമുണ്ടായിട്ടുണ്ട്. നാഗരിക വികാരത്തിന്റെ വർണ്ണാഭവും അപാരവുമായ സ്വതന്ത്രസ്ഥലികളിൽ വിഹരിക്കുമ്പോൾ തന്നെ നവോത്ഥാന മൂല്യങ്ങളിൽനിന്നുള്ള പ്രതിലോമപരമായ പിന്മടക്കത്തിന്റെ സൂചനകളും ഇക്കാലത്ത് സജീവമാം വിധം ദൃശ്യമാണ്. ആദർശപ്രേരിതമായ രാഷ്ട്രീയബോധത്തിനും ശോഷണം നേരിട്ടുകൊണ്ടിരിക്കുന്നു. പലതവണ പിന്നീട് കേരളം ഭരിക്കുവാൻ അവസരം ലഭിച്ചിട്ടും വിദ്യാഭ്യാസ പരിഷ്കരണം തൊട്ടുകളിക്കുവാൻ ഒരു ഇടതുപക്ഷ മന്ത്രിസഭയും ധൈര്യപ്പെട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. അതേസമയം 2006ൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെ ഒരു കമ്യൂണിസ്റ്റ് വിദ്യാഭ്യാസമന്ത്രി തലപൊക്കുമെന്നായപ്പോൾ കത്തോലിക്കാസഭ രണ്ടാം വിമോചനസമരാഹ്വാനവുമായി അങ്കമാലിക്കല്ലറയിൽ ചെന്നെങ്കിലും രക്തസാക്ഷികളുടെ കുടുംബാംഗങ്ങളിലാരും തന്നെ പുതിയൊരു സമരാഭാസത്തോട് സഹകരിക്കുവാൻ തയാറായില്ല എന്നതും ശ്രദ്ധേയമാണ്.

വിപ്ലവത്തിന്റെയും മൂലധനത്തിന്റെയും അതിർവരമ്പുകൾ അപായകരമാംവിധം ശുഷ്കമായിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്ന പരിസരത്തിലിരുന്നുകൊണ്ട് വിമോചന സമരത്തിന്റെ ഭാവിയെക്കുറിച്ച് പ്രവചിക്കുന്നത് രാഷ്ട്രീയ സാഹസമായിരിക്കും. അതേസമയം വിമോചനസമരത്തിന്റെ ചരിത്രപശ്ചാതലത്തിൽ നിന്ന് ഭാവിയിലേക്കൊരു ചൂണ്ടുപല നീളുകയാണെങ്കിൽ അതിങ്ങനെയാവും വായിക്കുക: "അങ്ങേയറ്റം പ്രതിലോമപരമായിരുന്നു ഈ സമരം. ഈ വഴിയെ ഇനി യാത്രചെയ്യാതിരിക്കുക."



കവിത

റഹീം പൊന്നാട്
raheemponnad@gmail.com

# നനഞ്ഞ ഓർമകൾ

ഓർമ വച്ചതുമുതൽ
നടുവിലകത്തെ ഇരുട്ടിലേക്ക്
അമ്മയുടെ കണ്ണീരിനൊപ്പം
മഴത്തുള്ളികളും ചോർന്നൊലിക്കാറുണ്ട്
പെരുമഴയത്തും
അച്ഛന്റെ ഒറ്റക്കുപ്പായത്തിൽ
വിയർപ്പിന്റെ നനവുണ്ടാകും.
നനഞ്ഞ പാവാടയുണക്കാൻ
സ്കൂൾ വിട്ട് വന്നാലുടനെ ഏട്ടത്തി
അടുപ്പത്ത് കയറിയിരിക്കും.
നനഞ്ഞ പുസ്തകത്തിൽ നിന്ന്
കുട്ടിക്കവിതകളൊക്കെയും
പെരുമഴയോടൊപ്പം ഒലിച്ചുപോകും.
കടലാസു തോണിയിലെ
സ്വപ്നങ്ങളത്രയും
കലക്കുവെള്ളത്തിൽ മുങ്ങിപ്പോകും.
കാറ്റും കോളുമുള്ള രാത്രികളിൽ
പാടത്തെ തവളകൾ
അടുക്കളയോളം കയറിവരും.
അകത്തും പുറത്തും മഴ പെയ്യുമ്പോൾ
പഴഞ്ചാക്കിനുള്ളിൽ
മൂടിപ്പുതച്ചുറങ്ങും.
നഗരത്തിന്റെ മായയിൽനിന്ന്
കുട്ടിക്കാലത്തിന്റെ മഴയിലേക്ക് നോക്കുമ്പോൾ
ഓർമകളിലാകെ നനവു പടരും

# ബഹുസ്വരത ഇസ്‌ലാമിന്റെ ചരിത്രാനുഭവം

കവർ/ ഡോ. മാഹിർ അബൂ മുൻഷർ

*ബഹുസ്വരത യഥാർത്ഥ ഇസ്‌ലാമിന്റെ ചരിത്രാനുഭവമാണെന്ന് സമർത്ഥിക്കുന്ന ലേഖനം. ന്യൂനപക്ഷ/ഭൂരിപക്ഷ വേർതിരിവുകൾ പാശ്ചാത്യൻ നിയമ, സാമൂഹിക വ്യവസ്ഥകളിൽ ജന്മംകൊണ്ട വംശീയതയുടെ അഴുക്കാണെന്ന് ലേഖകൻ*




ഇസ്‌ലാം ബഹുസ്വരതയെ അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ലെന്ന് മാധ്യമങ്ങൾ നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. മുസ്‌ലിം രാജ്യങ്ങളിൽ അമുസ്‌ലിംജീവിതം ദുരിതപൂർണമാണെന്നും നാം കേൾക്കുന്നു. തീവ്രവാദപക്ഷം ചിലപ്പോൾ ആക്രമണങ്ങളെയും ഹിംസാത്മക പ്രകടനങ്ങളെയും മതനിയമങ്ങൾകൊണ്ട് വ്യാഖ്യാനിക്കുകയും കൂടിയാവുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന നിഷ്പക്ഷമതികൾ ഇസ്‌ലാം വൈവിധ്യത്തെയും ബഹുസ്വരതയെയും അംഗീകരിക്കുന്നില്ലെന്ന് മനസ്സിലാക്കുന്നു. എന്നാൽ ഖുർആന്റെ ബോധനവും പ്രവാചക ജീവിതാനുഭവവും ഇസ്‌ലാം ബഹുസ്വരതയെ സ്വീകരിക്കുകയും ആഘോഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് ഇസ്‌ലാമിന്റെ ചരിത്രാനുഭവമാണെന്നു ചുരുക്കം.

ഇസ്‌ലാമിക നിയമവ്യവസ്ഥയിൽ ന്യൂനപക്ഷം, ഭൂരിപക്ഷം എന്നീ സംജ്ഞകൾക്ക് യാതൊരു പ്രാധാന്യവുമില്ലെന്നതു ശ്രദ്ധേയമാണ്. യഥാർത്ഥത്തിൽ പാശ്ചാത്യ നിയമ, സാമൂഹികാവസ്ഥകളിൽ നിന്നാണ് അവ ജന്മംകൊണ്ടത്. വംശീയവിഭാഗങ്ങളെ വേർതിരിച്ച് കാണുന്നതിനാണ് ന്യൂനപക്ഷ, ഭൂരിപക്ഷ ദ്വന്ദ്വങ്ങൾ രൂപപ്പെടുത്തിയതെന്ന് വ്യക്തം.

ഇസ്‌ലാമിക ജനപഥത്തിനകത്ത് ജീവിക്കുന്ന എല്ലാ പൗരന്മാർക്കും അവ

*“ഇസ്‌ലാമിന്റെ സകലതിനെയും ഉൾക്കൊള്ളാനുള്ള വിശാല കാഴ്ചപ്പാടിനോട് പൂർണമായും നീതിപുലർത്തുന്നതായിരുന്നു ഉമറിന്റെ നിലപാടുകൾ. ജറൂസലേമിന്റെ വിശുദ്ധ സ്ഥലരാശിയിൽനിന്നു മറ്റുള്ളവരെ നിഷ്കാസിതരാക്കാൻ ശ്രമിക്കുന്ന ക്രിസ്ത്യൻ, ജൂത നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി എല്ലാവരെയും ആ വിശുദ്ധ സ്ഥലരാശി പങ്കിടുവാൻ ആ സ്ഥലരാശിയിലേക്ക് ഉൾച്ചേർക്കുവാനാണ് മുസ്‌ലിംകൾ ശ്രമിച്ചത്.”*

രുടെ മതമോ ജനസംഖ്യാനുപാതമോ പരിഗണിക്കാതെ തുല്യമായ പൗരാവകാശം നൽകണമെന്നതാണ് ഇസ്‌ലാമിക നിയമം.




ക്രിസ്താബ്ദം 622ൽ പ്രവാചകൻ മുഹമ്മദ്നബി മക്കയിൽനിന്ന് മദീനയിലേക്ക് നടത്തിയ പലായനാനന്തരമാണ് മദീനയിൽ ഒരു ഇസ്‌ലാമിക ജനപഥത്തിനുള്ള അസ്തിവാരമിട്ടത്. അങ്ങനെ രൂപപ്പെട്ടുവന്ന ‘ജനപഥ’ത്തിൽ മുസ്‌ലിംകളും അമുസ്‌ലിംകളും സഹിഷ്ണുതയോടെയും സഹാനുഭൂതിയോടെയും വർത്തിക്കണമെന്ന് പ്രവാചകന് നിർബന്ധമുണ്ടായിരുന്നു. ഇക്കാലത്ത് മദീനയിൽ വലിയൊരു ശതമാനം ജൂതസമുദായവും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് പ്രവാചകൻ പതിനൊന്ന് ജൂത ഗോത്രങ്ങളുമായി സഹകരണ ഉടമ്പടി മുന്നോട്ടുവച്ചത്. ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ എഴുതപ്പെട്ട ഉടമ്പടി/ഭരണഘടന എന്നറിയപ്പെടുന്ന “മദീനാ ഉടമ്പടി” അമുസ്‌ലിംകൾ എന്ന നിലയിൽ ജൂതന്മാരുടെ അവകാശങ്ങളെ അടിവരയിടുന്ന ആധികാരികരേഖയാണ്. അങ്ങനെ വിവിധ വിശ്വാസങ്ങളും ആചാരങ്ങളും പങ്കിടുന്ന ഒരു രാഷ്ട്രീയസമൂഹത്തെ മദീനയിൽ സാർവലൗകികമായ ചില തത്വങ്ങളുടെ അടിസ്ഥാനത്തിൽ സഹവർത്തിക്കാൻ പ്രവാചകൻ സജ്ജമാക്കിയിരുന്നു. സമാധാനവും സഹകരണവും നിലനിർത്തുക എന്നതിലുപരി ജീവനും സ്വത്തിനും സംരക്ഷണം നൽകാൻകൂടി ഈ ഉടമ്പടി പ്രകാരം അമുസ്‌ലിംകളും മുസ്‌ലിംകളും പരസ്പരം സമ്മതിച്ചുവെന്നതാണ് ഇതിന്റെ പ്രത്യേകത. മതപരമായ സ്വാതന്ത്ര്യവും പരിപൂർണ നീതിയും ജനങ്ങൾക്കിടയിൽ സാധ്യമാവണം എന്നതാണ് പ്രവാചകൻ ഈ ഉടമ്പടി പ്രകാരം നിർദ്ദേശിച്ചത്. ഈ ഉടമ്പടി അംഗീകരിച്ച ഓരോരുത്തരെയും പരസ്പരം സഹായിക്കേണ്ടത് ഓരോരുത്തരുടെയും ബാധ്യതയാണെന്ന് മദീനാ ഉടമ്പടി അടിവരയിട്ടു പ്രസ്താവിക്കുന്നു. ഇവിടെ മതപരമായ വൈജാത്യം പൗരാവകാശം അനുഭവിക്കുന്നതിന് തടസ്സമായിക്കൂടാ എന്നതാണ് വ്യക്തമാവുന്നത്.



ഡോ. മാഹിർ
അബൂ മുൻഷർ

മദീനയിലെ ജൂതസമുദായവുമായുള്ള സഹിഷ്ണുതാ. സമീപനവും ഇടപെടലുകളും ഭാവിസമൂഹത്തിൽ മുസ്‌ലിം ജനപഥങ്ങളും സമൂഹവും ബഹുസ്വരതയെ ഉൾക്കൊള്ളേണ്ടത് എങ്ങനെയാവണം എന്നതിലേക്കുള്ള പ്രവാചകന്റെ മാതൃകാസമീപനമായി വേണം വായിക്കേണ്ടതെന്ന് തോന്നുന്നു.

പ്രവാചക വിയോഗാനന്തരം ഏകദേശം 15 വർഷങ്ങൾ കഴിഞ്ഞപ്പോഴായിരുന്നു മുസ്‌ലിംകൾ ജറുസലേം ബൈസന്റയിൻ ചക്രവർത്തിമാരിൽ നിന്ന് പിടിച്ചെടുത്തത്. ആ സമയം ഖലീഫ ഉമർ(റ) തദ്ദേശീയവാസികളോട് കാട്ടിയ നീതിനിഷ്ഠ പ്രവാചകസങ്കൽപത്തിലെ ബഹുസ്വരമാതൃകയോട് പരിപൂർണമായും നീതി പുലർത്തുന്നതായിരുന്നു. ഈ സംഭവത്തെക്കുറിച്ച് പ്രശസ്ത ബ്രിട്ടീഷ് ചരിത്രകാരിയും ഗ്രന്ഥകാരിയുമായ കിരൻ ആംസ്ട്രോങ്ങ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: “ഇസ്‌ലാമിന്റെ സകലതിനെയും ഉൾക്കൊള്ളാനുള്ള വിശാല കാഴ്ചപ്പാടിനോട് പൂർണമായും നീതിപുലർത്തുന്നതായിരുന്നു ഉമറിന്റെ നിലപാടുകൾ. ജറൂസലേമിന്റെ വിശുദ്ധ സ്ഥലരാശിയിൽനിന്നു മറ്റുള്ളവരെ നിഷ്കാസിതരാക്കാൻ ശ്രമിക്കുന്ന ക്രിസ്ത്യൻ, ജൂത നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി എല്ലാവരെയും ആ വിശുദ്ധ സ്ഥലരാശി പങ്കിടുവാൻ ആ സ്ഥലരാശിയിലേക്ക് ഉൾച്ചേർക്കുവാനാണ് മുസ്‌ലിംകൾ ശ്രമിച്ചത്.” ജറുസലേമിലെ നിവാസികൾക്ക് സുരക്ഷിതത്വം ഉറപ്പുനൽകിയ ഉമറിന്റെ സമീപനം ബഹുസ്വര സമൂഹത്തിൽ മുസ്‌ലിം നേതൃത്വം പാലിക്കേണ്ട നീതിബോധത്തെയാണ് സൂചിപ്പിക്കുന്നത്. ഇത്തരമൊരു സമീപനം പ്രാവർത്തികമാക്കിയപ്പോഴൊക്കെ അമുസ്‌ലിംകൾ നീതിപൂർവം പരിഗണിക്കപ്പെട്ടിരുന്നുവെന്ന് ചരിത്രം തെളിയിച്ചിട്ടുമുണ്ട്.

മുസ്‌ലിംകളും അമുസ്‌ലിം സമൂഹവും സഹവർത്തിത്വത്തോടെ കഴിഞ്ഞിരുന്നുവെന്ന ഉദാഹരണങ്ങൾ ഒരു പ്രത്യേക സമയത്തെയും സ്ഥലത്തെയും മാത്രം ഉദ്ദേശിച്ചല്ല; മറിച്ച് ഇവയത്രയും ഏതൊരു കാലത്തേക്കും സമയത്തേക്കും ഉചിതമായവയാണ് എന്നുതന്നെയാണ് ഇസ്‌ലാമിക സമീപനം. ജോർദ്ദാൻ പോലുള്ള രാജ്യങ്ങൾ ഇത്തരമൊരു സമീപനം പുലർത്തിപ്പോരുന്നുവെന്നതു ശ്ലാഘനീയമാണ്.

വിവിധ മത-വംശ വിഭാഗങ്ങളോടുള്ള പരസ്പര സൗഹാർദ്ദവും സഹിഷ്ണുതാ മനോഭാവവും ഒരിക്കലും ഇസ്‌ലാമിന്റെ യഥാർത്ഥ സത്തയിൽ നിന്നു വ്യതിചലിച്ചു പോവാൻ കാരണമായിട്ടില്ല. മറിച്ച്, ഖുർആന്റെയും പ്രവാചകബോധത്തിന്റെയും യഥാർത്ഥ പാത തെളിയിച്ചുകാട്ടുവാനും ഒരു മാതൃകയായി അത് ഉയർത്തിക്കാട്ടാനുമാണ് മുസ്‌ലിംകൾക്ക് കഴിഞ്ഞത്. എല്ലാറ്റിനെയും ഉൾക്കൊള്ളാനും ഉൾച്ചേർക്കാനുമുള്ള ഇസ്‌ലാമിന്റെ വിശാലമായ കാഴ്ചപ്പാട് മറ്റു ജനവിഭാഗങ്ങൾക്ക് ഇസ്‌ലാമിക സമൂഹത്തിൽ തീർച്ചയായും സ്വർഗസമാനമായ സുരക്ഷിതത്വം നൽകും.

*വിവ. ബരീറ*

## ലാളിത്യം അഭിനന്ദനാർഹമാണ്

'നൊമ്പരം' മഴയനുഭൂതിയെ ഹൃദ്യമാക്കാൻ ശ്രമിച്ചിരിക്കുന്നു. കവിതയുടെ മിന്നലാട്ടമുണ്ടീ രചനയിൽ. ചിട്ടപ്പെടുത്തണം. ആശയങ്ങളെ സമന്വയിപ്പിക്കണം. ലാളിത്യം അഭിനന്ദനാർഹമാണ്. 'ഹൃദയം' തുടക്കംപോലെ അവസാനം നന്നായിട്ടില്ല. ആശയപൂർണത അവകാശപ്പെടാനാവാത്ത രചന. 'ഇറുത്തവർ' സാമാന്യം മെച്ചപ്പെട്ട രചനയാണ്. ജീവിതയാഥാർത്ഥ്യങ്ങളിലേക്കു ശ്രദ്ധ തിരിക്കുന്നു. 'കാമുകി' വഞ്ചനാധിഷ്ഠിത സാമൂഹികാവസ്ഥയെ പ്രതിഫലിപ്പിക്കുന്ന കഥ. അവതരണം നന്നായിട്ടുണ്ട്. 'പ്രാർത്ഥനയുടെ ആഴം' ചിന്താർഹമായ ചരിത്രശലകം. അവതരണം ഇനിയും നന്നാവണം.





## ഇറുത്തവർ

നീ മൊട്ടായിരുന്നപ്പോൾ
വിരിയാൻ കാത്തുനിന്നതാണ്
പക്ഷേ, ഞാൻ വരുമ്പോൾ
നിന്നെ പിഴുതെടുത്ത്
ഞെക്കിയും ഞെരടിയും
വിരിയിച്ചിരുന്നു അവർ
(അല്ല, ഇതളുകൾ കുത്തിവിടർത്തിയിരുന്നു.)
അതാണല്ലോ പൂവിന്റെ
സുഗന്ധം നിനക്കന്യമായത്;
പീഡനത്തിന്റെ രണ്ട്
ഇതളുകൾ
മുമ്പേ മണ്ണുമുത്തിയതും.
പിന്നെ, എന്റെ കരിഞ്ഞ
മുഖത്തേക്കവ തൊഴിച്ചെറിഞ്ഞ്
അവർ പ്ലാസ്റ്റിക് പൂക്കാരനോട്
വിലപേശിക്കൊണ്ടിരുന്നു.

**ഇബ്റാഹിം കുമ്പടാജെ**
അരീക്കോട് മജ്മഅ്
ibrahim.kumadaje@gmail.com

## നൊമ്പരം

മഴക്കാലം!
അനുഭൂതി തഴുകിവരും വർഷമേഘം
ആത്മാവിൽ ഒഴുകിയെത്തും തെളിനീരരുവി
തൊടിയിലെ കാറ്റാടി മരച്ചില്ലയിൽ മഴത്തുള്ളിതൻ കിലുക്കം.
മുറ്റത്തെ ചക്കരമാവിൻ ചില്ലയിൽ മാമ്പഴം നുണയുമണ്ണാർക്കണ്ണൻ
തോട്ടിലെ തെളിനീരിൽ തത്തിക്കളിക്കും പരൽമീനുകൾ,
പാറിപ്പറന്നകലും വാലാത്തൻ കിളിതൻ കരച്ചിൽ
മനം കുളിർക്കു മെത്രയെത്ര ഓർമകൾ...
അന്നൊന്നും അറിഞ്ഞിരുന്നില്ല ഞാൻ,
പെയ്തൊഴിഞ്ഞു പോകും മഴക്കാലത്തിന്റെ നോമ്പരം

**നിഷാദ് നാലകം**
തിരുവണ്ണൂർ

# കാമുകി

വീട് ഭദ്രമാക്കുന്നതിലായിരുന്നു അയാളുടെ ശ്രദ്ധ. ബലിഷ്ഠമായ കല്ലുകൾ കൊണ്ടയാൾ വീട് പൊക്കി. ചുറ്റും ഭീമാകാരമായ മതിൽ പണിതു. തന്റെ പ്രിയതമക്കൊന്നും സംഭവിക്കരുത്. അവളെ ഒരാളും കണ്ണുവയ്ക്കരുത്. വീടും ഗേറ്റും പൂട്ടി അയാൾ ഓഫീസിലേക്ക് പോയി. ഫയലുകൾ പരതുന്നതിനിടയിലും പക്ഷേ, അയാളുടെ മനസ്സ് അവളിലായിരുന്നു! കൂട്ടിലടച്ചതു സുരക്ഷിതം; പാറിപ്പറക്കുന്ന കിളികളിൽ.

**മുഹമ്മദ് റാഫി വെള്ളേരി**
ഡിഎംഐഎസി കോടമ്പുഴ



# പ്രാർത്ഥനയുടെ ആഴം

അബ്ദുല്ലാഹിബ്നു സുബൈർ(റ). സ്വർഗാർഹനെന്ന സുവിശേഷം ലഭിച്ച പത്തു സ്വഹാബിമാരിൽ ഒരാൾ. സുബൈറുബ്നുഅവ്വാമിന്റെയും അസ്മാബീവിയുടെയും പുത്രൻ.

നിസ്കാരത്തിലേക്ക് പ്രവേശിച്ചാൽ പരിസരബോധം നഷ്ടപ്പെടുന്ന ഭക്തരിൽ ഒരാളായിരുന്നു അദ്ദേഹം. ദീർഘനേരം സുജൂദിൽ മുഴുകാറുണ്ടായിരുന്ന അദ്ദേഹത്തിന്റെ പുറത്ത് ആ സമയം കുരുവികൾ വന്നിരിക്കാറുണ്ടായിരുന്നുവത്രെ!

ഒരു ദിവസം അദ്ദേഹം നിസ്കരിച്ചുകൊണ്ടിരിക്കെ മേൽക്കൂരയിൽനിന്ന് ഒരു സർപ്പം താഴെ വീണു. അത് അദ്ദേഹത്തിന്റെ പുത്രൻ ഹാശിമിന്റെ അരക്കുചുറ്റി. സ്ത്രീകൾ ആർത്തുവിളിച്ച് ബഹളം കൂട്ടി. അവർ അതിനെ അടിച്ചു കൊന്നു. കുട്ടി രക്ഷപ്പെട്ടു. ഇതെല്ലാം നടക്കുമ്പോഴും അബ്ദുല്ലാഹിബ്നു സുബൈർ(റ) യാതൊന്നുമറിയാതെ നിസ്കാരത്തിൽ തന്നെയായിരുന്നു. വിരമിച്ചപ്പോൾ മാത്രമാണ് അദ്ദേഹം സംഭവം അറിഞ്ഞത്. (അൽബിദായത്തുവന്നിഹായ -ഇബ്നുകസീർ)


**ഹാഫിള് സുൽഫിക്കർ**
പുളിക്കൽ



# ഹൃദയം

വേനലിൻ
വരണ്ട ചുടുകാറ്റെൻ
ഹൃദയത്തിൽ
വിശ്രമിച്ചു.
പടർന്നു
പന്തലിച്ചെന്നാത്മ
വൃക്ഷത്തിൻ
തളിരിലകൾ പോലും
വാടി,
കരിഞ്ഞു,
വീണു.
പെയ്തൊഴിഞ്ഞ
പേമാരി
കരയുന്ന
മഴമേഘക്കീറെന്നു-
റച്ചപ്പോഴെൻ മുഖം
വിയർപ്പിൽ നീന്തി.
വാർമുകിലേ...
കൊട്ടൻവെയിലിന്റെ
നീറുന്ന
വ്യഥയാൽ
പാതിരാക്ക്
ചിണുങ്ങിത്തേങ്ങുന്ന
ഹൃദയവുമായി
നീയിനിയും
പെയ്യരുത്...

**മിദ്‌ലാജ്**
ബുഖാരി ദഅ്‌വ കോളജ്
കൊണ്ടോട്ടി



# കർമശുദ്ധിയും കണിശതയും

അദ്കിയ- എട്ട് / ഇബ്റാഹിം സഖാഫി പുഴക്കാട്ടിരി

*കർമാനുഷ്ഠാനങ്ങളില്ലാതെ ത്വരീഖത്തിലേക്കും ഹഖീഖത്തിലേക്കും എളുപ്പവഴികളില്ലെന്ന് ശൈഖ് സൈനുദ്ദീൻ(റ).*

.........................................................


ജിബ്രീൽ മാലാഖ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ട് സ്വഹാബികൾക്ക് ദീൻ പഠിപ്പിച്ചത് പ്രസിദ്ധമാണ്. അക്കാര്യം പറയുന്ന ഹദീസിൽ ഇസ്‌ലാമും ഈമാനും ഇഹ്സാനുമാണ് പ്രധാന വിഷയങ്ങൾ. ഇവ തന്നെയാണ് യഥാക്രമം ശരീഅത്ത്, ത്വരീഖത്ത്, ഹഖീഖത്ത് എന്ന് വിശദീകരിച്ച പണ്ഡിതന്മാരുണ്ട്. ശരീഅത്തുവഴി ത്വരീഖത്തിലെത്തുക. പിന്നെ നിരന്തര പരിശീലനം മുഖേന ഹഖീഖത്താർജിച്ചെടുക്കാം.

നേരത്തെ പറഞ്ഞപോലെ ഈ ക്രമം വളരെ പ്രധാനമാണ്. ശരീ
അത്ത് തന്നെയാണ് അടിസ്ഥാന കാര്യം. അതില്ലാതെ മറ്റുള്ളവ
ആർജിച്ചെടുക്കാനാവുകയില്ല. എത്ര ഉയരങ്ങൾ താണ്ടിയാലും
ആരാധനാകർമങ്ങളിൽ ആർക്കും ഇളവില്ല. തസവ്വുഫിന്റെ അടി
സ്ഥാന തത്വമാണത്. വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച്
ഇക്കാര്യം ശൈഖ് മഖ്ദൂം ഒന്നുകൂടി ഊന്നിപ്പറയുന്നു.

*10. വ കദാ ത്വരീഖത്തു വൽ ഹഖീഖത്തു യാ/ അഖീ*
*മിൻ ഗൈരി ഫിഅ്‌ലി ശരീഅത്തിൻ ലൻ തഹ്സ്വുലാ*

(കൂട്ടുകാരാ, ത്വരീഖത്തും ഹഖീഖത്തും ശരീഅത്ത് പാലി
ച്ചാലല്ലാതെ ലഭ്യമാവുകയില്ല.)

*ശരീഅത്തിന്റെ നിയമാവലികൾ വിഗണിക്കുന്നത് യാത്രാമധ്യേ കപ്പലിൽനിന്ന് ഘോരസമുദ്രത്തിലേക്ക് എടുത്തുചാടുന്നതിന് തുല്യമാണ്. നാശഹേതുകമാണത്. അതിനാൽ അടിസ്ഥാനശ്രമം ശരീഅത്താകുന്ന പ്രത്യക്ഷ പ്രവർത്തനനിയമങ്ങൾ പൂർണമായും നടപ്പിൽ വരുത്തുന്നതിനായിരിക്കണം.*




കപ്പൽയാത്രയുടെ ഉപമ തന്നെയാണ് 'ഇപ്രകാരം' എന്ന പ്രയോഗം സൂചിപ്പിക്കുന്നത്. ശരീഅത്തിന്റെ നിയമാവലികൾ വിഗണിക്കുന്നത് യാത്രാമധ്യേ കപ്പലിൽനിന്ന് ഘോരസമുദ്രത്തിലേക്ക് എടുത്തുചാടുന്നതിന് തുല്യമാണ്. നാശഹേതുകമാണത്. അതിനാൽ അടിസ്ഥാനശ്രമം ശരീഅത്താകുന്ന പ്രത്യക്ഷ പ്രവർത്തന നിയമങ്ങൾ പൂർണമായും നടപ്പിൽ വരുത്തുന്നതിനായിരിക്കണം.

ചില സൂഫീഅവതാരങ്ങളുണ്ട്. അല്ലാഹുവിന്റെ അടുപ്പക്കാരാണെന്ന് വിശേഷിപ്പിച്ച് അവർ അനുഷ്ഠാനങ്ങൾ ഒഴിവാക്കുന്നു. നിഷിദ്ധങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്നു. ആത്മീയപുരോഗതിയുടെ സാക്ഷാൽക്കാരമാർഗമായ തസവ്വുഫിനെ കൂട്ടുപിടിച്ചാണ് ഈ അപഥസഞ്ചാരം എന്നതാണ് അൽഭുതം. ഇങ്ങനെയുള്ള വികൃത കോലങ്ങളാണ് ഈ വിശുദ്ധമാർഗത്തെ വലിയയളവിൽ തെറ്റിദ്ധരിപ്പിച്ചത്. ഇതിനപ്പുറം തസവ്വുഫിലെ പുഴുക്കുത്തുകൾക്ക് മതത്തിൽ ഒരു സ്ഥാനവുമില്ല. സ്വർഗത്തിന്റെ ശാദ്വലതയിലേക്കല്ല, പരാജയത്തിന്റെ പാതാളത്തിലേക്കാണ് ഇവരുടെയൊക്കെ ക്ഷണം. ഇമാം തഫ്താസാനി(റ) എഴുതിയതിങ്ങനെ: "ശറഇന്റെ വിധിവിലക്കുകൾ ബാധകമല്ലാത്ത ഒരവസ്ഥ ബുദ്ധിയും പ്രായപൂർത്തിയുമുള്ള ആർക്കുമുണ്ടാവില്ല. മുസ്ലിംകളുടെ ഐക്യാഭിപ്രായമാണിത്. അല്ലാഹുവിനോടുള്ള പ്രേമം പൂർണമാവുകയും ഹൃദയം ശുദ്ധീകരിക്കുകയും നിഷ്കളങ്ക വിശ്വാസം പുലർത്തുകയും ചെയ്താൽ ശരീഅത്ത്നിയമങ്ങൾ പാലിക്കേണ്ടതില്ലെന്നാണ് ചിലരുടെ വിശ്വാസം. വൻകുറ്റങ്ങൾ ചെയ്താൽ പോലും അത്തരക്കാർ നരകശിക്ഷയേൽക്കേണ്ടിവരില്ലെന്ന് അവർ പറയുന്നു. നിസ്കാരം, നോമ്പ്, സകാത്ത് തുടങ്ങിയവയല്ല, അല്ലാഹുവിനെ ധ്യാനിച്ചിരിക്കുകയാണത്രെ അവരുടെ ആരാധനകൾ. വഴിപിഴച്ച വിശ്വാസമാണിത്. ഇലാഹീ സ്നേഹത്തിന്റെയും യഥാർത്ഥ വിശ്വാസത്തിന്റെയും പാരമ്യത പ്രാപിച്ച പ്രവാചകൻമാരിലാണ് കൽപനകൾ പരിപൂർണമായത്. അവരുടെ നായകൻ മുഹമ്മദ്(സ) പോലും ഒരിക്കലും ശരീഅത്ത് അവഗണിച്ചിട്ടില്ല."(ശറഹുൽ മഖാസിദ് 3/331) കുറച്ചുകൂടെ വ്യക്തതയോടെ സയ്യിദുൽ ബൽകി (റ) കുറിക്കുന്നു: "എത്ര ഉന്നതനായ വലിയ്യായിരുന്നാൽപോലും നിർബന്ധകർമങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല. വിലായത്തിന്റെ പൂർണതയായി ഹഖീഖത്ത് ലഭ്യമായാൽ പിന്നെ ശരീഅത്ത് പാലിക്കേണ്ടതില്ലെന്ന് ജൽപിക്കുന്നവർ വഴിപിഴച്ചവരും പിഴപ്പിക്കുന്നവരുമാണ്." (കിഫായ പു:13) തസവ്വുഫ് സംബന്ധമായി പ്രായോഗികജ്ഞാനം നേടിയ മഹാത്മാക്കൾക്കാർക്കും മറ്റൊരഭിപ്രായമില്ല. ശരീഅത്ത് കർമങ്ങൾ അനിവാര്യമായി പിന്തുടരുന്നവർക്ക് വിശുദ്ധജ്ഞാനം നേടി പ്രശോഭിക്കാനാവും. തിരുനബി(സ)യെ പിന്തുടരുന്നതിലപ്പുറം മറ്റെന്തു പദവിയാണുള്ളത്. 'അല്ലാഹുവുമായടുക്കെ ആരാധനാ രഹിതമായൊരവസ്ഥയിൽ താനെത്തിയിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നവർ യാഥാർത്ഥ്യത്തിൽനിന്ന് വഴിതെറ്റിയവരാകുന്നു.' (ശൈഖ് ജീലാനി) സമാന വിശദീകരണങ്ങൾ മറ്റു പ്രമുഖരും നടത്തിയതു കാണാം. 'വെള്ളത്തിനു മുകളിലൂടെ നടക്കുകയും അന്തരീക്ഷത്തിൽ പറക്കുകയും ചെയ്താലും ശരീഅത്ത് വിരുദ്ധനെ അംഗീകരിക്കരുതെ'ന്ന് മഹാത്മാക്കൾ പഠിപ്പിച്ചിട്ടുണ്ട്. "ആരാധനകൾ അല്ലാഹുവിൽനിന്ന് സ്വീകരിച്ചതു കൊണ്ടും അവനിലേക്കുതന്നെ നിർഗമിക്കേണ്ടതുകൊണ്ടും ആയിരം കൊല്ലം ജീവിക്കാനായാലും ഒരു നിമിഷം അവയിൽ നിന്ന് മോചനമില്ല. അതുകൊണ്ട് നിസ്കാരാദി നിർബന്ധങ്ങൾ ഉപേക്ഷിക്കുന്ന സൂഫിനാട്യക്കാരെക്കാൾ ഉന്നതരാണ് കള്ളൻമാരും വ്യഭിചാരികളും" എന്ന് ജുനൈദുൽ ബഗ്ദാദിയും പറയുന്നു. (അൽരിസാലത്തുൽ ഖുശൈരിയ്യ 2/605) സൂഫീ ദാർശനികരുടെ വളച്ചുകെട്ടില്ലാത്ത നയവിശദീകരണങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മതം പറയുന്നത് പ്രകാരം ആത്മീയവർധനവില്ലാത്ത വൈകൃതങ്ങൾക്ക് വിശുദ്ധമാർഗം ദുരുപയോഗം ചെയ്യപ്പെട്ടുകൂടാ.

(തുടരും)

# ഞാൻ നീ തന്നെ

തുഴയും തോണിയും / കെ എം മുസ്തഫ്



*മരണമല്ലാതെ സമത്വത്തിലേക്ക് മറ്റൊരു പാതയുമില്ലേ? ഉണ്ട്. അതുപക്ഷേ, തന്നിലൂടെ, തന്റെ ഉള്ളിലൂടെ നിരന്തരം അന്വേഷിക്കുന്നവർക്കു മാത്രമേ കാണാനാവൂ.*

ഇങ്ങനെയൊരു ലോകം സങ്കൽപിച്ചു നോക്കൂ:

എല്ലാവരും സുന്ദരന്മാരും സുന്ദരിമാരും. കൊതിയൂറുന്ന വിഭവസമൃദ്ധമായ ഭക്ഷണം ഒരേപോലെയുള്ള തളികകളിൽ എല്ലാ ദിവസവും എല്ലാവർക്കും.

എല്ലാവർക്കും ഇഷ്ടപ്പെട്ട ജീവിതപങ്കാളികൾ.

അഭിരുചിക്കും താൽപര്യങ്ങൾക്കുമിണങ്ങുന്ന തൊഴിൽ; എന്നാൽ എല്ലാവർക്കും തുല്യവേതനം.

തുല്യഅളവിൽ മുറിച്ചെടുത്ത ഭൂമി എല്ലാവർക്കും.. വീടോ; സൗകര്യങ്ങൾ മാത്രമല്ല, പെയിന്റുപോലും സമാനം. പോർച്ചിൽ എല്ലാവർക്കും ലക്ഷ്വറി കാർ.

എല്ലാവർക്കും നല്ല ആരോഗ്യം.

ചികിത്സക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ.

എല്ലാവർക്കും തുല്യ എണ്ണം പെൺകിടാങ്ങൾ.

ആൺകിടാങ്ങളും അങ്ങനെ....

ഇങ്ങനെയൊരു സമത്വസുന്ദരമായ അവസ്ഥ ഈ ദുനിയാവിൽ സംഭവിക്കുകയാണെങ്കിൽ നിങ്ങളതിന് എന്ത് പേരു വിളിക്കും?

എനിക്കു കിട്ടിയ പേര് ഇതാണ്:

ഭൂസ്വർഗം!

ഭൂസ്വർഗം സംഭവ്യമാണോ എന്നത് തൽക്കാലം എന്റെ വിഷയമല്ല. എന്നാൽ ഭൂസ്വർഗം സംഭവിക്കുകയാണെങ്കിൽ ഈ ഭൂമി മലയാളത്തിലെ മനുഷ്യരുടെ അവസ്ഥ എങ്ങനെയായിരിക്കുമെന്ന് ചിന്തിക്കുന്നത് വലിയ തിരിച്ചറിവുകളിലേക്ക് നമ്മെ നയിക്കുമെന്ന് ഞാൻ ഉറപ്പിച്ചു പറയട്ടെ. ഈ വലിയ തിരിച്ചറിവുകൾ തന്നെ ധാരാളം; ഭൂമിയിൽ ഒരു സ്വർഗം സാധ്യമാക്കാൻ.

നമുക്ക് ചർച്ചയിലേക്കു വരാം.

ഭൂസ്വർഗം യാഥാർത്ഥ്യമായതിനു ശേഷമുള്ള ലോകത്ത് നിങ്ങളുമുണ്ടെന്ന് കരുതുക. എന്തായിരിക്കും നിങ്ങളുടെ അവസ്ഥ? അവസ്ഥ എന്നു പറയുമ്പോൾ പുറമേക്കുള്ള അവസ്ഥ എന്ന് ധരിക്കരുത്. ഉള്ളിലെ അവസ്ഥയാണ് ഞാൻ ചോദിച്ചത്. പഴമക്കാർ പറയാറുള്ള ഉള്ളുകള്ളിയില്ലേ? അതു തന്നെ!

സങ്കൽപിക്കാൻ ബുദ്ധിമുട്ട് തോന്നുന്നുണ്ടോ? ഭൂസ്വർഗം അതിരുകളില്ലാത്ത ഭാവനയാണ്. നമ്മുടെ ചിന്തയുടെ അതി

*ഭൂസ്വർഗം സംഭവിക്കുകയാണെങ്കിൽ ഈ ലോകം തീർത്തും ദരിദ്രമായിരിക്കും. അബ്സൊല്യൂട്ട് മെന്റൽ പോവർട്ടി! എല്ലാവർക്കും എല്ലാമുണ്ടാകുന്ന ഒരു ലോകം ആർക്കും ഒന്നുമില്ലാത്തതായിരിക്കും.*

രുകളെ മുറിച്ചുകടന്നെങ്കിൽ മാത്രമേ നമുക്കത് വിഷലൈസ് ചെയ്യാനാവൂ. ഞാൻ കുറച്ചുകൂടി ചെറിയ ഒരു സങ്കൽപത്തിലേക്ക് വരാം.

നമ്മുടെ 'ഠ' വട്ടം. കൂമണ്ണയോ കുറ്റിക്കാട്ടൂരോ കൂമൻകൊല്ലിയോ കുരിശുമലയോ എവിടെയുമാവട്ടെ, അവിടെ അത്യാവശ്യം സ്ഥാനവും മാനവും നിലയും വിലയുമൊക്കെയായിട്ട് കഴിഞ്ഞുകൂടുകയാണ് നിങ്ങളെന്ന് സങ്കൽപിക്കുക. പൊടുന്നനെ ഒരു സുപ്രഭാതത്തിൽ അവിടെയുള്ള മാന്യമഹാജനങ്ങളെല്ലാം നിങ്ങളുടെ അതേ പദവിയിലേക്ക് ഉയർത്തപ്പെടുന്നു. നിങ്ങൾ വിദേശത്ത് പോയി കഷ്ടപ്പെട്ടുണ്ടാക്കിയ പണം കൊണ്ട് മനോഹരമായി രൂപകൽപന ചെയ്തുണ്ടാക്കിയ വീടിന്റെ അതേ മാതൃകയിൽ, വീടുവീടാന്തരം യാചിച്ചുനടന്നിരുന്ന പിച്ചക്കാരൻ പാക്കരനും വീടുവച്ചിരിക്കുന്നു. വിശ്വസിച്ചാൽ ജീവൻവരെ തരുന്ന അറബിയെ ചാക്കിലാക്കി താക്കോൽ കൈക്കലാക്കി കപ്പലിൽ, ടാക്സടച്ച് കൊണ്ടുവന്ന് പോർച്ചിൽ നിർത്തിയിരിക്കുന്ന അതേ ഫോറിൻകാർ ഓടിച്ചുപോകുന്നത് ഒസ്സാൻ മയമ്മദ്! പോരേ പൂരം! നാട്ടിലെല്ലാവർക്കും കാറായി. വീട്ടിലെല്ലാം ഏസിയായി. വീശുവാനും പൂശുവാനും കാശായി...

എന്തായിരിക്കും സുഹൃത്തേ നിങ്ങളുടെ അന്തരവൃത്താന്തം?

കാശും കാറും കൂറ്റൻ കൂടുമുള്ളതിന്റെ ഊറ്റം നിങ്ങൾക്കനുഭവിക്കാനാവുമോ? ഉള്ളിൽ സംതൃപ്തിയുടെ ഒരു തുള്ളിയെങ്കിലും നിങ്ങൾക്ക് നുകരാനാവുമോ? എന്തിനേറെ, എല്ലാ സുഖസൗകര്യങ്ങളുമുള്ള മണിമാളികയിൽ മനഃസമാധാനത്തോടെ ഒന്ന് കിടന്നുറങ്ങാനാവുമോ?

മനുഷ്യരുടെ ഉള്ളുകള്ളികൾ ചികഞ്ഞുനോക്കാൻ ശ്രമിക്കാറുള്ള ഒരാളെന്ന നിലയിൽ എന്റെ ഉത്തരം ഒരു വലിയ 'No' ആണ്. ഭൂസ്വർഗം സംഭവിക്കുകയാണെങ്കിൽ ഈ ലോകം തീർത്തും ദരിദ്രമായിരിക്കും. അബ്സൊല്യൂട്ട് മെന്റൽ പോവർട്ടി! എല്ലാവർക്കും എല്ലാമുണ്ടാകുന്ന ഒരു ലോകം ആർക്കും ഒന്നുമില്ലാത്തതായിരിക്കും.

മനുഷ്യമനസ്സ് നാം അറിയുന്നതിനെക്കാളേറെ വിചിത്രമാണ്. താരതമ്യങ്ങളിലൂടെയാണ് അത് സുഖം കണ്ടെത്തുന്നത്. വൈരുദ്ധ്യങ്ങളില്ലാത്ത ലോകത്ത് അതിന് നിലനിൽപ്പേയില്ല. മനുഷ്യൻ ശരീരവും മനസ്സുമായി നിലനിൽക്കുന്നിടത്ത് ഭൂസ്വർഗമെന്നത് ഫലത്തിൽ ഭൂനരകമായിരിക്കും. അതുകൊണ്ട് ഭൗതികഭൂമിയിൽ സമത്വം അസാധ്യമാണ്.

സോഷ്യലിസം ഭൗതികതലത്തിൽ അപൂർണവും അപ്രായോഗികവുമായ ഒരു ദർശനമാണെന്നാണ് എന്റെ നിരീക്ഷണം. ശരീരങ്ങളുടെ സമത്വത്തെയാണ് അത് ലക്ഷ്യം വയ്ക്കുന്നത്. മനസ്സ് ഏറെക്കുറെ അതിന് അജ്ഞാതമാണ്. അജ്ഞാതമായതിനെ അത് അപ്രസക്തമെന്ന് ധരിച്ചിരിക്കുന്നു.

അപ്പോൾ ഭൂമിയിലൊരിക്കലും സമത്വം സാധ്യമല്ലെന്നാണോ? ഒരിക്കലുമല്ല. സമത്വം സാധ്യമാണ്; അതുപക്ഷേ, ശരീര-മനസ്സുകളെ മറികടക്കുന്ന മനുഷ്യനു മാത്രമേ സാധ്യമാകൂ. അസമത്വമാണ് ശരീരത്തിന്റെയും മനസ്സിന്റെയും അടിസ്ഥാനം തന്നെ. ശരീരവും മനസ്സും മൃതിയടയുന്നതോടെ ഈ അസമത്വങ്ങളും അവസാനിക്കും. സാധാരണഗതിയിൽ മരണമാണ് സമത്വത്തിലേക്കുള്ള വഴി. ഭൂമിയിലെ എല്ലാവരും മരണമടയുന്ന ദിവസം ഇവിടെ സമത്വം പുലരുക തന്നെ ചെയ്യും.

മരണമല്ലാതെ സമത്വത്തിലേക്ക് മറ്റൊരു പാതയുമില്ലേ?

ഉണ്ട്. അതുപക്ഷേ, തന്നിലൂടെ, തന്റെ ഉള്ളിലൂടെ നിരന്തരം അന്വേഷിക്കുന്നവർക്കു മാത്രമേ കാണാനാവൂ.

നിസ്കാരം തികഞ്ഞ ഏകാഗ്രതയോടെ നിർവ്വഹിച്ചുനോക്കൂ. റുകൂഇൽ റുഖിയ ഉണ്ടാക്കാറുള്ള റൊട്ടിയുടെ ഗുണനിലവാരത്തെക്കുറിച്ച് ചിന്തിക്കാതെ, സുജൂദിൽ സൂചി എവിടെയാണ് പടച്ചോനേ, കളഞ്ഞുപോയതെന്ന് ചിന്തിക്കാതെ സമ്പൂർണമായൊരു നിസ്കാരം. യോഗ ചെയ്തിട്ടെങ്കിലും എന്റെ നടുവേദനയൊന്ന് ഭേദമായെങ്കിൽ എന്ന ചിന്തയില്ലാതെ പത്മാസനത്തിലിരുന്നു നോക്കൂ...

അപ്പോൾ ഞാൻ ഒരു ശരീരമല്ല...
ഞാൻ ഒരു മനസ്സല്ല.
പിന്നെ ആരാണ് ഞാൻ?
ഞാൻ നീയാകുന്നു.
നീ തന്നെ!

ഞാൻ നീയാകുന്ന ഒരു ലോകത്ത് മാത്രമേ യഥാർത്ഥ സമത്വം സാധ്യമാകൂ. സമത്വത്തിലേക്കുള്ള പാത തുടങ്ങുന്നത് മാർക്സിൽനിന്നോ ഏംഗൽസിൽനിന്നോ അല്ല; സ്വന്തം പേരുപോലും അപ്രസക്തമെന്ന് തിരിച്ചറിഞ്ഞ ഒരു യാത്രികനിൽ നിന്നാണ്.

## ചെക്ക്

ഞാൻ നീയാകുന്നു.
നീ...?

**ഉസ്താദുമാർക്കും മുതഅല്ലിംകൾക്കും**

**ജുബ്ബ**

തയ്ച്ചുകൊടുക്കുന്ന രാമനാട്ടുകരയിലെ വിശ്വസ്ഥ സ്ഥാപനം

**Trend Dressess**

KTS Building, Near Bilal Masjid,
Opp. Busstand, Ramanattukara

**Ph:9744306539**
**9656111731**

# എസ്എസ്എഫ് സംസ്ഥാന കാര്യാലയം: കുറ്റിയടിക്കൽ കർമം നടത്തി

കോഴിക്കോട്: എസ് എസ് എഫ് സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി കോഴിക്കോട് മർകസ് കോംപ്ലക്സിനു സമീപം പുതുതായി നിർമിക്കുന്ന ആസ്ഥാന മന്ദിരത്തിന്റെ കുറ്റിയടിക്കൽ കർമം അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ നിർവഹിച്ചു. എസ്എസ്എഫ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലുടനീളം നടന്നുവരുന്ന കർമപരിപാടികളുടെയും, സ്റ്റുഡൻസ് ഹോസ്റ്റൽ, ഗൈഡൻസ്&കൗൺസിലിംഗ് സെന്റർ,



സംസ്ഥാന കാര്യാലയത്തിന്റെ കുറ്റിയടിക്കൽ കർമം കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ നിർവഹിക്കുന്നു

രിസാല വാരിക, ഇസ്‌ലാമിക് പബ്ലിഷിംഗ് ബ്യൂറോ, കോൺഫറൻസ് ഹാൾ, റഫറൻസ് ലൈബ്രറി, സ്റ്റുഡിയോ&വിശ്വൽ മീഡിയ, സ്കൂൾ ഓഫ് സിവിൽ സർവീസ് തുടങ്ങിയ ബഹുമുഖ പദ്ധതികൾ ഉൾപ്പെട്ടതാണ് പുതുതായി നിർമിക്കുന്ന ആസ്ഥാനമന്ദിരം. ചടങ്ങിൽ പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, കെഎംഎ റഹീം, പികെഎം സഖാഫി ഇരിങ്ങല്ലൂർ, മാളിയേക്കൽ സുലൈമാൻ സഖാഫി, ക്ലാരി ബാവ മുസ്‌ലിയാർ, സയ്യിദ് മുഹമ്മദ് തുറാബ് അസ്സഖാഫി, എം മുഹമ്മദ് സ്വാദിഖ്, അലവിക്കുട്ടി ഹാജി, എൻഎം സ്വാദിഖ് സഖാഫി, ആർപി ഹുസൈൻ, വിപിഎം ബശീർ, അബ്ദുൽജലീൽ സഖാഫി, കെ അബ്ദുൽകലാം, സലീം അണ്ടോണ തുടങ്ങിയവർ സംബന്ധിച്ചു.

# വിദ്യാഭ്യാസരംഗം സെക്ടറുകളിൽ പ്രതിഷേധ പ്രകടനം നടത്തി




കുമ്പള ഡിവിഷൻ നടത്തിയ പ്രതിഷേധപ്രകടനം

കോഴിക്കോട്: വിദ്യാഭ്യാസരംഗത്ത് കേരള സർക്കാർ നടത്തുന്ന അനീതികൾക്കും കൊള്ളരുതായ്മകൾക്കുമെതിരെ എസ്എസ്എഫ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനമനുസരിച്ച് സെക്ടർ കമ്മിറ്റികൾ പ്രകടനം നടത്തി. സാമ്പത്തികരംഗത്ത് പരാധീനതഅനുഭവിക്കുന്ന ന്യൂനപക്ഷ ദുർബല വിഭാഗങ്ങളെ സാമൂഹിക മുഖ്യധാരയിലേക്ക് ഉയർത്തുന്നതിന് കേന്ദ്രസർക്കാർ വിവിധ സമയങ്ങളിൽ പ്രഖ്യാപിച്ച സ്കോളർഷിപ്പുകളുടെ കാര്യക്ഷമമായ വിതരണം, സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് ക്രമാതീതമായി വർധിപ്പിച്ച ഫീസ്ഘടന പിൻവലിക്കുക, മലപ്പുറത്തെ അലീഗഡ് ഓഫ് കാമ്പസ് പ്രവർത്തനം ത്വരിതപ്പെടുത്തുക, ഉപരിപഠനാവസരങ്ങൾ വർധിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രകടനം. നേരത്തെ ഇതേ ആവശ്യങ്ങളുന്നയിച്ച് ഡിവിഷൻ കേന്ദ്രങ്ങളിൽ എസ് എസ് എഫ് പ്രകടനം നടത്തിയിരുന്നു. ആഗസ്റ്റ് 10 ന് നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് വിദ്യാഭ്യാസ രംഗത്തെ സർക്കാറിന്റെ അലംഭാവങ്ങൾക്കും നീതികേടു നിറഞ്ഞ നിലപാടുകൾക്കുമെതിരെ ആയിരങ്ങൾ അണിനിരന്ന പ്രതിഷേധസമരമായി മാറിയിട്ടുണ്ട്.




നിലമ്പൂർ ഡിവിഷൻ നടത്തിയ പ്രതിഷേധപ്രകടനം




കണ്ണൂർ ഡിവിഷൻ നടത്തിയ പ്രതിഷേധപ്രകടനം

**പ്രതിഷേധ പ്രകടനം**

മുക്കം: കുന്ദമംഗലം ഡിവിഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രീമെട്രിക്കുലേഷൻ സ്കോളർഷിപ്പ് സർക്കാർ മുദ്രപത്രക്കച്ചവടം അവസാനിപ്പിക്കുക എന്ന ആവശ്യം ഉന്നയിച്ച് വിദ്യാഭ്യാസവകുപ്പിന്റെ വികല നയങ്ങൾക്കെതിരെ പ്രതിഷേധ പ്രകടനം നടത്തി. സുബൈർ യുകെ ഉദ്ഘാടനം ചെയ്തു. ഒ. ഫസ്‌ലുറഹ്മാൻ ഒ മുഖ്യ പ്രഭാഷണം നടത്തി.

# റമളാൻ വിശുദ്ധിയുടെ തണൽ

## റമളാൻ കാമ്പയിൻ ആഗസ്റ്റ് 21 - സെപ്തംബർ 21

കോഴിക്കോട്: ഈ വർഷത്തെ റമളാൻ കാമ്പയിൻ ആഗസ്റ്റ് 21 -സെപ്തംബർ 21 കാലയളവിൽ സമുചിതമായി ആചരിക്കാൻ എസ്എസ്എഫ് സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. "റമളാൻ വിശുദ്ധിയുടെ തണൽ" എന്ന ശീർഷകത്തിലാണ് കാമ്പയിൻ. കാമ്പയിന്റെ ഭാഗമായി വിവിധ ഘടകങ്ങളിലൂന്നി വ്യത്യസ്ത കർമപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ റമളാൻ കാമ്പയിനിൽ യൂനിറ്റ് തലങ്ങളിൽ നടപ്പാക്കിയ ദർസ് ഇത്തവണയും പൂർവ്വോപരി ഭംഗിയായി നടത്തും. യൂനിറ്റിലെ മെമ്പർഷിപ്പെടുത്ത മുഴുവൻ പ്രവർത്തകരെയും നാട്ടുകാരെയും പങ്കെടുപ്പിച്ചാണ് ഇത്തവണ ദർസ് സംഘടിപ്പിക്കുക. യൂണിറ്റ് പരിസരങ്ങളിലുള്ള പള്ളികളിൽവച്ച് നടത്തുന്ന ദർസിൽ എസ്എസ്എഫ് സംസ്ഥാന കമ്മിറ്റി തയ്യാറാക്കിനൽകുന്ന സിലബസ് അനുസരിച്ചാണ് പഠനം ക്രമീകരിക്കുക. കാമ്പയിനോടനുബന്ധിച്ച് യൂനിറ്റ്തലങ്ങളിൽ റമളാൻ പ്രശ്നോത്തരി സുസംഘടിതമായി നടത്തും. സെക്ടർ കമ്മിറ്റികൾ വഴി വിതരണം ചെയ്യപ്പെടുന്ന ചോദ്യാവലി യൂനിറ്റ് പരിധിയിലുള്ള മുഴുവൻ വീടുകളിലുമെത്തിച്ച് നാട്ടുകാരെ മുഴുവൻ പങ്കാളികളാക്കിയാണ് പ്രശ്നോത്തരി നടത്തുക. യൂനിറ്റ് കേന്ദ്രത്തിൽ സ്ഥാപിച്ച ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കുന്ന ഉത്തരങ്ങൾ പരിശോധിച്ച് വിജയികൾക്ക് സമ്മാനവിതരണം നടത്തും.

യൂനിറ്റുകളിൽ സംഘടിപ്പിക്കുന്ന വഅള് പരമ്പര റമളാൻ കാമ്പയിനിലെ സവിശേഷ പരിപാടിയാണ്. നാട്ടിൻപുറങ്ങളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന വഅള് പരമ്പരകൾ തിരിച്ചുപിടിക്കാനുള്ള സന്ദേശം നൽകിയാണ്. യൂണിറ്റ് കമ്മിറ്റികൾ ജാഗ്രതയോടെ ഈ പരിപാടി ഏറ്റെടുക്കുന്നത്. സെക്ടർ തലങ്ങളിൽ കാമ്പയിൻ കാലയളവിൽ സംഘടിപ്പിക്കുന്ന തർബിയത്ത് ക്യാമ്പുകൾ റമളാനിന്റെ ദിനരാത്രങ്ങളെ നൻമകൾ കൊണ്ട് സമ്പുഷ്ടമാക്കാനുള്ള സന്ദേശങ്ങൾ പകർന്ന് നൽകും. സെക്ടർ പരിധിയിലെ മുഴുവൻ മുസ്‌ലിം വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചാണ് തർബിയ്യത്ത് ക്യാമ്പ് നടക്കുന്നത്. മുഴുവൻ യൂണിറ്റിന്റെയും പ്രാതിനിധ്യമുള്ള തർബിയ്യത്ത് ക്യാമ്പിൽ ആത്മസംസ്കരണം, ആരാധനയുടെ മഹത്വം, സംഘടന എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ ക്രമീകരിക്കുക. ഇഫ്താറോടു കൂടി സമാപിക്കുന്ന തർബിയ്യത്ത് ക്യാമ്പുകൾ മികച്ച സംഘാടനത്തിലൂടെ ശ്രദ്ധേയമാക്കാൻ സെക്ടറുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കാമ്പയിനോടനുബന്ധിച്ച് സെപ്തംബർ 3,4,5 തിയ്യതികളിൽ സംസ്ഥാനത്തെ 85 ഡിവിഷൻ കേന്ദ്രങ്ങളിൽ ബദ്ർസ്മൃതി നടക്കും. സെക്ടർ കമ്മിറ്റിയംഗങ്ങളെയും, യൂനിറ്റ് ഭാരവാഹികളെയും പങ്കെടുപ്പിച്ച് നടക്കുന്ന ബദ്ർസ്മൃതിയിൽ ജില്ലാ പ്രതിനിധികൾ സംബന്ധിക്കും.

## എസ്എസ്എഫ് സെക്ടർ സമ്മേളന പ്രഖ്യാപനം നടന്നു

**കരുനാഗപ്പള്ളി:** സമൂഹത്തിൽ ആളിപ്പടരുന്ന അധാർമ്മിക-അക്രമ-ചൂഷണ പ്രവർത്തനങ്ങളെ ധാർമിക മൂല്യം കൊണ്ട് പ്രതിരോധിക്കണമെന്ന് എസ്എസ്എഫ് സംസ്ഥാന അസി. പ്രസിഡന്റ് പി എ മുഹമ്മദ് ഫാറൂഖ് നഈമി ആഹ്വാനം ചെയ്തു. സാമ്രാജ്യത്വ അധിനിവേശം മനുഷ്യ ജീവിതത്തിന്റെ നിഖില മേഖലയെയും വരിഞ്ഞുമുറുക്കിയിരിക്കുകയാണ്. ഇതിനെ തടയാൻ സാംസ്കാരിക ബോധമുള്ള യുവതലമുറ ഉണർന്നുവരേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. 'കലുഷനിലങ്ങളിൽ ധാർമിക പ്രതിരോധം' എന്ന ശീർഷകത്തിൽ എസ്എസ്എഫ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കൺവൻഷനിൽ പ്രമേയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

ഷഫീഖ് മുസ്‌ലിയാർ, നൈസാം സഖാഫി, എ എം സിറാജ് കൊട്ടുകാട്, സത്താർ നിസാമി, എസ് ആർ ഫൈസൽ, യഅ്ഖൂബ് നിസാമി, സയ്യിദ് ആഷിഖ് തങ്ങൾ, ശിഹാബ് ക്ലാപ്പന സംസാരിച്ചു


വിവാഹ സുദിനം 8-8-09 ശനി



**ഇബ്റാഹിം കെ**
S/o. കുഞ്ഞുമൊയ്തീൻ
കടുകരകത്ത് ഹൗസ്
കോട്ട്, തിരൂർ

**സുമയ്യ എം**
D/o. ആലസ്സൻ
മേലേത്ത് ഹൗസ്
പത്താംപാട്

ആശംസകളോടെ:-
SSF, SYS, കോട്ട് മഹല്ല് കമ്മിറ്റി
SSF തിരൂർ സെക്ടർ കമ്മിറ്റി,
RSC ഒമാൻ സൂർ സോണൽ കമ്മിറ്റി




കോഴിക്കോട് ജില്ലാ സെക്ടർ സമ്മേളനപ്രഖ്യാപന സമ്മേളനം എൻ എം സ്വാദിഖ് സഖാഫി ഉദ്ഘാടനം ചെയ്യുന്നു.



കണ്ണൂർ ജില്ലാ സെക്ടർ സമ്മേളനപ്രഖ്യാപനവും ശിഹാബ് തങ്ങൾ അനുസ്മരണ സമ്മേളനവും ചിത്താരി ഹംസമുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു.

## സെക്ടർ സമ്മേളന കർമസമിതി

ചട്ടിപ്പറമ്പ്: സെക്ടർ സമ്മേളന കർമസമിതി അംഗങ്ങളായി ശഹനാദ് വട്ടപ്പറമ്പ്(കൺവീനർ) സ്വാദിഖ് സഖാഫി, ഷൗക്കത്ത് അലി ചേങ്ങോട്ടൂർ, ജഅ്ഫർ സ്വാദിഖ്, അയ്യൂബ് സഖാഫി, മുസ്തഫ ഫാളിലി, യൂസുഫ് ഫാളിലി, സഹ്ല് ചേങ്ങോട്ടൂർ, അലവിക്കുട്ടി മുസ്‌ലിയാർ, അഹമ്മദ്കുട്ടി പഴമള്ളൂർ, അബ്ദുറഹ്മാൻ സഖാഫി എന്നിവരെ തെരഞ്ഞെടുത്തു. സ്വാദിഖ് സഖാഫി അധ്യക്ഷത വഹിച്ച യോഗത്തിൽ സുൽഫിക്കർ സഖാഫി വിഷയാവതരണം നടത്തി.

# എസ്എസ്എഫ് കാമ്പസ് മെമ്പര്‍ഷിപ്പ് പതിനായിരങ്ങള്‍ കണ്ണിചേര്‍ന്നു

കോഴിക്കോട്: എസ് എസ് എഫ് കാമ്പസ് അംഗത്വ പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കലാലയങ്ങളില്‍ നടന്ന മെമ്പര്‍ഷിപ്പ് വിതരണത്തിന്റെ ഭാഗമായി പതിനായിരങ്ങള്‍ എസ്എസ്എഫിന്റെ ധാര്‍മികവൃന്ദത്തില്‍ കണ്ണിചേര്‍ന്നു. 'അരാഷ്ട്രീയത ഭീരുത്വമാണ്; ഇടപെടലാണ് ധീരത' എന്ന തലക്കെട്ടില്‍ ആഗസ്റ്റ് 1 -സെപ്തംബര്‍ 30 കലായളവിലാണ് സംസ്ഥാന വ്യാപകമായി എസ്എസ്എഫ് കാമ്പസ് അംഗത്വ പ്രചാരണം നടക്കുന്നത്. മെമ്പര്‍ഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ ഗവ.മെഡിക്കല്‍ കോളജില്‍ എന്‍എം സ്വാദിഖ് സഖാഫി നിര്‍വഹിച്ചു. പരിയാരം സഹകരണ മെഡിക്കല്‍ കോളജില്‍ ജനറല്‍ സെക്രട്ടറി ആര്‍പി ഹുസൈനും, പാലക്കാട് എന്‍എസ്എസ് എഞ്ചിനീയറിംഗ് കോളജില്‍ ട്രഷര്‍ എം എ നാസര്‍ സഖാഫിയും വിതരണോദ്ഘാടനം നടത്തി.

കോഴിക്കോട് കെഎംസിടി എഞ്ചിനീയറിംഗ് കോളജില്‍ അബ്ദുല്‍ജലീല്‍ സഖാഫിയും കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് .കോളജില്‍ എന്‍ വി അബ്ദുറസാഖ് സഖാഫിയും ഗവ. എഞ്ചിനീയറിംഗ് കോളജില്‍ മുഹമ്മദ് ഫാറൂഖ് ബുഖാരിയും കാലിക്കറ്റ് മെഡിക്കല്‍ കോളജില്‍ കെ അബ്ദുല്‍കലാമും തൃശൂര്‍ മെഡിക്കല്‍ കോളജില്‍ എ എ ജഅ്ഫറും, കൊളപ്പുള്ളി അല്‍അമീന്‍ എഞ്ചിനീയറിംഗ് കോളജില്‍ ഉമര്‍ ഓങ്ങല്ലൂരും കുറ്റിപ്പുറം എംഇഎസ് എഞ്ചിനീയറിംഗ് കോളജില്‍ വിപിഎം ഇസ്ഹാഖും, തിരുവനന്തപുരം മെഡിക്കല്‍ കോളജില്‍ മാഹീന്‍ ബീമാപള്ളിയും മെമ്പര്‍ഷിപ്പ് വിതരണോദ്ഘാടനം നിര്‍വഹിച്ചു. ഫാറൂഖ് കോളജ്, എല്‍ബിഎസ് എഞ്ചിനീയറിംഗ് കോളജ് കാസര്‍കോട്, ഗവ എഞ്ചിനീയറിംഗ് കോളജ് കാസര്‍ഗോഡ്, എഡബ്ല്യൂഎച്ച് എഞ്ചിനീയറിംഗ് കോളജ് കോഴിക്കോട്, ഗവ. എഞ്ചിനീയറിംഗ് കോളജ് കോഴിക്കോട്, ഗവ. എഞ്ചിനീയറിംഗ് കോളജ് കണ്ണൂര്‍, എംഇഎസ് മെഡിക്കല്‍ കോളജ് പെരിന്തല്‍മണ്ണ, ടികെഎം എഞ്ചിനീയറിംഗ് കോളജ് കൊല്ലം, ഗവ. എഞ്ചിനീയറിംഗ് കോളജ് മുട്ടം, ആര്‍ഐടി എഞ്ചിനീയറിംഗ് കോളജ് കോട്ടയം, കുസാറ്റ് എഞ്ചിനീയറിംഗ് കോളജ് എന്നിവിടങ്ങളില്‍ യഥാക്രമം കെഎം അബ്ദുല്‍ഖാദര്‍, ഡോ. നൂറുദ്ദീന്‍, മൂസ സഖാഫി കളത്തൂര്‍, അബ്ദുറഷീദ് സഖാഫി കുറ്റ്യാടി, പി വി അഹമ്മദ് കബീര്‍, അബ്ദുറഷീദ് നരിക്കോട്, പി പി മുജീബ്റഹ്മാന്‍, മുഹമ്മദ് സിറാജ് കൊട്ട കാട്, കെ എം സുബൈര്‍ അഹ്സനി സിറാജുദ്ദീന്‍ വൈക്കം, അബൂബക്കര്‍ കൂട്ടായി തുടങ്ങിയവര്‍ നേതൃത്വം നല്‍കി വിതരണത്തിന്റെ ഭാഗമായി വിവിധ കാമ്പസുകളില്‍ സജ്ജീകരിച്ച പവലിയനുകളും ഐപിബി പുസ്തക പ്രദര്‍ശനവും പ്രത്യേകം ശ്രദ്ധേയമായി. മെമ്പര്‍ഷിപ്പ് വിതരണത്തിന് ശേഷം കാമ്പസുകളില്‍ നൂറുകണക്കിന് പ്രവര്‍ത്തകര്‍ പങ്കെടുത്ത പ്രകടനവും പ്രഭാഷണവും നടന്നു സംസ്ഥാനത്തെ പ്രൊഫഷണല്‍ കോളജുകളില്‍ മെമ്പര്‍ഷിപ്പ് പ്രവര്‍ത്തനത്തിന് എസ്എസ്എഫ് സംസ്ഥാന ഭാരവാഹികളും ആര്‍ട്സ് ആന്റ് സയന്‍സ് കോളജുകളില്‍ ജില്ലാ ഭാരവാഹികളും പാരലല്‍ കോളജുകളില്‍ ഡിവിഷന്‍ ഭാരവാഹികളുമാണ് നേതൃത്വം നല്‍കിയത്.

## എസ്എസ്എഫ് പ്രവര്‍ത്തനഫണ്ട് പ്രഖ്യാപിച്ചു

കോഴിക്കോട്: എസ്എസ്എഫ് സംസ്ഥാന കമ്മിറ്റി പ്രവര്‍ത്തന ഫണ്ട് പ്രഖ്യാപിച്ചു. 'റമളാന്‍ വിശുദ്ധിയുടെ തണല്‍' എന്ന ശീര്‍ഷകത്തില്‍ നടക്കുന്ന റമളാന്‍ കാമ്പയിനോടനുബന്ധിച്ചാണ് പ്രവര്‍ത്തനഫണ്ട് സമാഹരിക്കുന്നത്. സംസ്ഥാന കമ്മിറ്റി യൂണിറ്റുകള്‍ക്ക് വിതരണം ചെയ്ത ഫണ്ട് റസീപ്റ്റ് ഉപയോഗിച്ച്, സെക്ടര്‍ ട്രഷറര്‍മാരുടെ നേതൃത്വത്തിലാണ് യൂണിറ്റുകളില്‍ നിന്ന് ഫണ്ട് ശേഖരിക്കുന്നത്. ഓരോ മാസവും ലക്ഷക്കണക്കിന് രൂപ കേരളത്തിലുടനീളം ഇസ്ലാമിക പ്രബോധന പ്രവര്‍ത്തനങ്ങള്‍ക്ക് ചെലവഴിക്കുന്ന എസ്എസ്എഫ് സംസ്ഥാന കമ്മിറ്റിക്കും വിവിധ ഘടകങ്ങള്‍ക്കുമുള്ള ഫണ്ട് സ്വരൂപണം വിജയിപ്പിച്ചെടുക്കാനുള്ള മുന്നൊരുക്കത്തിലാണ് പ്രവര്‍ത്തകര്‍. യൂണിറ്റു കമ്മിറ്റികള്‍ പിരിച്ചെടുക്കുന്ന ഫണ്ടില്‍ നിന്ന് നിശ്ചിത തുകയാണ് മേല്‍ഘടകങ്ങള്‍ക്ക് കൈമാറുക. വിവിധ ഘടകങ്ങള്‍ക്ക് ആനുപാതികമായി ഫണ്ട് വിഹിതം ക്രമീകരിച്ചാണ് പ്രവര്‍ത്തനഫണ്ട് സ്വരൂപിക്കുന്നത്. സെപ്തംബര്‍ 3,4,5 തീയതികളില്‍ ഡിവിഷനുകളില്‍ നടക്കുന്ന ബദര്‍ സ്മൃതിയില്‍ വച്ച് ഫണ്ട്തുക യൂണിറ്റ് ഭാരവാഹികള്‍ സംസ്ഥാന പ്രതിനിധിക്ക് കൈമാറും.

## നേതൃസംഗമം സമാപിച്ചു

കോഴിക്കോട്: എസ്എസ്എഫ് സംസ്ഥാന നേതൃസംഗമം സ്റ്റുഡന്‍സ് സെന്ററില്‍ സമാപിച്ചു. വിവിധ ഘടകങ്ങളിലൂന്നി കഴിഞ്ഞ മാസങ്ങളില്‍ നടപ്പാക്കിയ കര്‍മപരിപാടികള്‍ സംഗമം വിലയിരുത്തി. സെക്ടര്‍ സമ്മേളനത്തിന്റെ മുന്നൊരുക്കമായി നടക്കുന്ന ജില്ലാതല പ്രഖ്യാപനങ്ങള്‍, സെക്ടര്‍തല വിളംബരങ്ങള്‍, വിദ്യാഭ്യാസ രംഗത്തെ സമരങ്ങള്‍, ജില്ലാതലങ്ങളില്‍ നടക്കുന്ന സ്വാതന്ത്ര്യദിന സമ്മേളനങ്ങള്‍, സെക്രട്ടറിയേറ്റ് മാര്‍ച്ച്, കാമ്പസ് അംഗത്വപ്രചാരണം, സംസ്ഥാനത്തെ 4 സോണലുകളില്‍ നടക്കുന്ന ദഅ്‌വാ സമ്മേളനങ്ങള്‍ എന്നിവ സംഗമം ചര്‍ച്ച ചെയ്തു. സംസ്ഥാന പ്രസിഡന്റ് എന്‍ എം സ്വാദിഖ് സഖാഫി, ജനറല്‍ സെക്രട്ടറി ആര്‍ പി ഹുസൈന്‍, ജോ സെക്രട്ടറി കെ അബ്ദുല്‍കലാം എന്നിവര്‍ നേതൃത്വം നല്‍കി.

## സന്നാഹം09' ഡിവിഷന്‍ ക്യാമ്പുകള്‍ക്ക് തുടക്കമായി

മലപ്പുറം:ജില്ലയിലെ പതിമൂന്ന് ഡിവിഷന്‍ പരിധിയിലുള്ള മുഴുവന്‍ ക്യാമ്പസ് പ്രവര്‍ത്തകരുടെയും ഡിവിഷന്‍ തല കണ്‍വന്‍ഷന്‍ സന്നാഹം09 ആരംഭിച്ചു. 'അരാഷ്ട്രീയത ഭീരുത്വമാണ് ഇടപെടലാണ്ധീരത' എന്ന ശീര്‍ഷകത്തില്‍ ഡിവിഷന്‍തലങ്ങളില്‍ സന്നാഹം ക്യാമ്പുകളും ക്യാമ്പസ് യൂണിറ്റുകളില്‍ ക്യാമ്പസ് കമ്മ്യൂണുകളും സംഘടിപ്പിക്കും. ജൂലൈ21ന് കോഴിക്കോട് നടക്കുന്ന സ്റ്റേറ്റ് സോണല്‍ കണ്‍വന്‍ഷന്‍ പണിപ്പുരക്ക് മുമ്പ് ജില്ലയില്‍ ഇവ പൂര്‍ത്തിയാക്കും.

ഇതു സബന്ധമായിച്ചേര്‍ന്ന ജില്ലാക്യാമ്പസ്കൗണ്‍സി ലില്‍ ദുല്‍ഫുഖാറലി സഖാഫി അധ്യക്ഷനായി. ജില്ലാക്യാമ്പസ് സെക്രട്ടറി അബ്ദുറഹ്മാന്‍ നിലമ്പൂര്‍ ഉദ്ഘാടനം ചെയ്തു.പി.ടിനജീബ്, പി.എ കബീര്‍,എ.പി ഇസ്മായീല്‍ എം.നുജും, ആബിദ് തിരൂരങ്ങാടി സംബന്ധിച്ചു.

## ജില്ലാതല ശില്‍പശാല സമാപിച്ചു

മലപ്പുറം:'അരാഷ്ട്രീയത ഭീരുത്വമാണ് ഇടപെടലാണ് ധീരത എന്ന ശീര്‍ഷകത്തില്‍ ആഗസ്റ്റ്-സെപ്തംബര്‍ മാസങ്ങളില്‍ നടക്കുന്ന എസ്എസ്എഫ് ക്യാമ്പസ് അംഗത്വ പ്രചാരണത്തിന്റെ ഭാഗമായി മലപ്പുറം വാദീസലാമില്‍ ജില്ലാതല ശില്‍പശാല സംഘടിപ്പിച്ചു.ജില്ലാ ക്യാമ്പസ് സമിതി അംഗങ്ങള്‍, ഡിവിഷന്‍ ക്യാമ്പസ് സെക്രട്ടറിമാര്‍, പ്രൊഫഷണല്‍, ആര്‍ട്സ് ആന്റ് സയന്‍സ്, പാരലല്‍ കോളജുകളില്‍ നിന്നുള്ള പ്രതിനിധികളാണ് ശില്‍പശാലയില്‍ പങ്കെടുത്തത്. പരിപാടിയില്‍ മെമ്പര്‍ഷിപ്പ്, പുന:സംഘടന സാമഗ്രികള്‍ വിതരണം ചെയ്യുകയും അടുത്ത വര്‍ഷത്തേക്കുള്ള പ്രവര്‍ത്തനപദ്ധതികള്‍ ആസൂത്രണം ചെയ്യുകയും ചെയ്തു.ജില്ല സെക്രട്ടറി എ.എ.റഹീം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സയ്യിദ് സൈനുല്‍ആബിദീന്‍ അദ്യക്ഷത വഹിച്ചു. ക്യാമ്പസ് സെക്രട്ടറി എം അബ്ദുറഹ്മാന്‍ വിഷയവതരണം നടത്തി. സൈനുദ്ധീന്‍ സഖാഫി, സുല്‍ഫീക്കറലി സഖാഫി, പി.ടി. നജീബ്, പി.എ. കബീര്‍ എന്നിവര്‍ സംബന്ധിച്ചു.

# കാണാമറയത്തേക്ക്

ചരിത്രം-3/**അബ്ദുൽ ഹകീം അഫ്സലി**

*ഇമാം ശാഫിഈയുടെ ചരിത്രത്തിന്റെ അവസാനഭാഗം*



**മൂ**ന്നാംഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ)വിന്റെ മൂന്നാമത്തെ പൗത്രൻ നാഫിഅ്(റ) വിന്റെ മകൾ ഹമീദയാണ് ഇമാമിന്റെ ഭാര്യ. ആ ദാമ്പത്യവല്ലരിയിൽ മുഹമ്മദ്, ഫാതിമ, സൈനബ് എന്നീ മക്കളുണ്ടായി. അടിമസ്ത്രീയിൽ ജനിച്ച ഹസൻ എന്ന കുട്ടി ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടു.

ഇമാമിന്റെ മകൻ മുഹമ്മദ് വലിയ പണ്ഡിതനായിരുന്നു ഖാളീ അബൂഉസ്മാൻ എന്ന പേരിൽ പ്രസിദ്ധനായിരുന്നു. പലയിടത്തും ഖാളിയായിരുന്നു. ഇമാം(റ) മരണപ്പെടുമ്പോൾ മകൻ മക്കയിലായിരുന്നു താമസം. ഇമാം അഹ്മദ്ബ്നു ഹമ്പൽ(റ) ഒരിക്കൽ ഇമാം ശാഫിയുടെ മകനോട് പറഞ്ഞു: മൂന്നു കാര്യങ്ങളാൽ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. "നിങ്ങൾ എന്റെ വന്ദ്യഗുരുവിന്റെ മകനാണ്. 2) നിങ്ങൾ നബികുടുംബമായ ഖുറൈശീ ഗോത്രക്കാരനാണ്. 3) നിങ്ങളൊരു തികഞ്ഞ സുന്നിയുമാണ്." ഹിജ്റ 240ലാണ് അദ്ദേഹം വഫാത്തായത്.

## രണ്ട്

ദീർഘ ശരീരം, തെളിഞ്ഞമുഖം, നീണ്ട പിരടി, തിങ്ങിയതല്ലാത്ത കവിൾത്താടി, മൈലാഞ്ചി കൊണ്ട് താടിക്ക് ചായം കൊടുത്തിരിക്കും. സുമുഖൻ! കവിളിണകളിൽ അശ്രുകണങ്ങളൊഴുകിയ പാട് നിഴലിച്ചുകാണാം. ശ്രവണമധുരമായ സ്വരം, വശ്യമായ അവതരണശൈലി. അതുല്യമായ വാക്വൈഭവം, ഭക്തിസ്ഫുരിക്കുന്ന നോട്ടവും നടത്തവും." ഇബ്നുസ്വലാഹ്(റ) ശാഫിഈ ഇമാമിന്റെ ശരീരപ്രകൃതി വിവരിക്കുന്നതിങ്ങനെയാണ്.

മഹിതമായ സ്വഭാവമായിരുന്നു ഇമാമിന്റേത്. വിനയം, താഴ്മ, സഹിഷ്ണുത, ദയ, കാരുണ്യം, ഭയഭക്തി, സൂക്ഷ്മത തുടങ്ങിയ സൽഗുണങ്ങളെല്ലാം മേളിച്ചിരുന്നു. ദാനശീലത്തിൽ ഇമാമിനെ കവച്ചുവയ്ക്കാനാരും അക്കാലത്തുണ്ടായിരുന്നില്ലെന്നു തന്നെ പറയാം. ഹദ്യകളായും പാരിതോഷികങ്ങളായും തനിക്ക് ലഭിക്കുന്ന സംഖ്യകളും മറ്റു വസ്തുക്കളുമെല്ലാം ദാനം ചെയ്യുകയായിരുന്നു ഇമാമിന്റെ പതിവ്.

## മൂന്ന്

പഠനാർഹങ്ങളായ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവാണ് ഇമാം. ഹുജ്ജത്ത്, കിതാബുൽഉമ്മ്, അർരിസാല, ഇഖ്തിലാഫുൽ ഹദീസ് തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്. രിസാലയടക്കം അവയിൽ പല ഗ്രന്ഥങ്ങളും വിവിധ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരുപാട് കാര്യങ്ങൾ ചെയ്തുതീർക്കാനാവുന്നവിധം സമയത്തിൽ അല്ലാഹു അദ്ദേഹത്തിന് വലിയ അനുഗ്രഹം നൽകിയതായി സമകാലികരിൽ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇമാമിന്റെ ജീവിതശൈലി പഠിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം ബോധ്യപ്പെടാതിരിക്കില്ല.

അവയിലൊരു സംഭവം ഇങ്ങനെ വായിക്കാം:

ഇറാഖിലെ പള്ളിയിൽ ഒരി

ക്കൽ ഇമാം ശാഫിഈ(റ) സുബ്ഹി നിസ്കാരത്തിനായിച്ചെന്നു. ചെറുപ്പക്കാര നായ 'സഅ്ഫറാനി'യായിരുന്നു നിസ്കാര ത്തിന് നേതൃത്വം നൽകിയിരുന്നത്. സുന്ദര മായ ശൈലിയിൽ ഖിറാഅത്ത് നടത്തിയ ചെറുപ്പക്കാരന് എന്തോ മറവി സംഭവിച്ചു. അതിന്റെ മസ്അലയാവട്ടെ അദ്ദേഹത്തിനറി വുണ്ടായിരുന്നില്ല. നിസ്കാരം കഴിഞ്ഞ ശേഷം ഇമാംശാഫിഈ(റ) അദ്ദേഹത്തോട് കാര്യമുണർത്തി. നിസ്കാരം മടക്കി നിർവ ഹിക്കപ്പെട്ടു.

ഇത്തരം പിഴവുകൾ ആവർത്തിക്കാതി രിക്കാനായി ഇമാം ശാഫിഈ(റ) അദ്ദേഹ ത്തോട് പറഞ്ഞു: ''അല്പം കടലാസ് കൊണ്ടുവരൂ. നിസ്കാരത്തിൽ മറവി സംഭ വിച്ചാലുള്ള വിധികൾ ഞാനെഴുതിത്തരാം." അദ്ദേഹം സന്തോഷപൂർവം കടലാസുകൾ കൊണ്ടുവന്നുകൊടുത്തു. ഇമാം ശാഫി ഈ(റ) ഗ്രന്ഥരചനയാരംഭിച്ചു. ഇമാം ചെറിയ ഗ്രന്ഥമൊന്നുമല്ല എഴുതിയത്; ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി നാൽപ്പതു വാല്യങ്ങളുള്ള ഒരു ബ്രഹദ്ഗ്രന്ഥം തന്നെ എഴുതിക്കൊടുത്തു. മൂന്നു വർഷം കൊണ്ട് ഗ്രന്ഥരചന പൂർത്തിയാക്കിയ ഇമാം കിതാബിന് ആ ചെറുപ്പക്കാരന്റെ പേരിട്ടു. അതാണ് "അൽകിതാബുസ്സഅ്ഫറാനി"

## നാല്

ജീവിതത്തിന്റെ സായംസന്ധ്യയിൽ ഇമാം ശാഫിഈ(റ) വിന് രോഗം ബാധിച്ചു. അർശസ്സ് രോഗം കൊണ്ട് മഹാനവർകൾ വളരെ വിഷമിച്ചു. പരീക്ഷണങ്ങളെയെല്ലാം ഇമാം ക്ഷമയോടെ നേരിട്ടു. വിശ്വാസത്തിന്റെ തോതനുസരിച്ചാണല്ലോ ഒരാൾ പരീ ക്ഷിക്കപ്പെടുക.

രോഗം ബാധിച്ചാൽ, സമകാലികയായ സുപ്രസിദ്ധ സൂഫീവനിത നഫീസത്ത്ബീവിയുടെ അടുത്തേക്ക് ആളെ അയച്ച് പ്രാർത്ഥിക്കാനാവശ്യപ്പെടുക ഇമാമിന്റെ പതിവായിരുന്നു. ബീവി യുടെ പ്രാർത്ഥനാഫലമായി പെട്ടെന്ന് തന്നെ സുഖം പ്രാപിക്കു കയും ചെയ്യാറുണ്ടായിരുന്നു.

മരണാസന്ന സമയത്ത് വന്ന രോഗത്തിനും പ്രാർത്ഥിക്കാ നായി നഫീസത്ത്ബീവിയുടെ അടുത്തേക്ക് ശിഷ്യൻമാരിലൊ രാളെ ഇമാം പറഞ്ഞയച്ചു. പതിവിനു വിപരീതമായി രോഗശമന ത്തിന് പ്രാർത്ഥിക്കുന്നതിനു പകരം മഹതി അന്ന് ഇങ്ങനെയാണ് പ്രാർത്ഥിച്ചത്: "അല്ലാഹു അദ്ദേഹത്തിന് ലിഖാഅ് നൽകട്ടെ." ശിഷ്യൻ മടങ്ങിയെത്തി ഇമാമിനെ വിവരമറിയിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: "ഈ രോഗത്തിൽ ഞാൻ മരണപ്പെടുമെന്നതിന്റെ സൂച നയാണത്."

ഞാൻ മരണപ്പെട്ടാൽ എന്റെ പേരിൽ മയ്യിത്ത് നിസ്കരി ക്കാൻ ബീവിക്ക് സൗകര്യം ചെയ്തുകൊടുക്കണമെന്ന് ഇമാം കൂടെയുള്ളവരോടു പ്രത്യേകം വസിയ്യത്ത് ചെയ്തിരുന്നു.

## അഞ്ച്

ഹിജ്റ 204 റജബ് 29 വ്യാഴാഴ്ച രാത്രി ഇമാം ദിവംഗതനാ യി. ഇന്നാലില്ലാഹി..... മരിക്കുമ്പോൾ പ്രധാന ശിഷ്യൻ ഇമാം മുസ്നീ(റ) സമീപത്തുണ്ടായിരുന്നു. മയ്യിത്ത് കുളിപ്പിക്കുന്നതിന് ഇമാം മുസ്നി(റ)വും മയ്യിത്ത് നിസ്കാരത്തിന് ഇമാം ബുവൈ ത്വി(റ)വും നേതൃത്വം നൽകി.

പതിനായിരക്കണക്കിനാളുകളാണ് ജനാസ നിസ്കാരത്തിൽ പങ്കെടുത്തത്. ഈജിപ്ത് ജനസാഗര മായ ദിവസമായിരുന്നു അത്.

ഈജിപ്തിലെ ബനൂസഹ്റയിൽ വെള്ളിയാഴ്ച അസ്വറിന് ശേഷമാണ് ഇമാമിനെ മറവുചെയ്യപ്പെട്ടത്. പ്രസ്തുത സ്ഥലം പിന്നീട് 'അൽഇമാമുശ്ശാഫിഈ' എന്ന പേരിൽ അറിയപ്പെട്ടു. ഫുസ്ത്വാതിൽ നിന്ന് ജന ലക്ഷങ്ങളുടെ അകമ്പടിയോടെയാണ് ബീവി നഫീസ ത്തുൽ മിസ്രിയ്യ(റ)യുടെ കേന്ദ്രം വഴി 'ബനൂസഹ്റ' യിലേക്ക് ജനാസ കൊണ്ടുവന്നത്. ഈജിപ്തിന്റെ ഹൃദ യഭാഗമായ 'ബനൂസഹ്റ' എന്ന സ്ഥലം ഇന്നും ഇമാംശാഫിഈയെന്ന പേരിലാണ് അറിയപ്പെടുന്ന ത്.

ഇമാമിന്റെ ഭൗതികദേഹം ഈജിപ്തിൽ നിന്നെ ടുത്തു കൊണ്ടുപോയി ബാഗ്ദാദിൽ മറവുചെയ്യുന്ന തിന് പിൽക്കാലത്ത് ശ്രമം നടന്നതായും ഇമാം ശാഫിഈയുടെ കറാമത്ത്മൂലം അത് പരാജയപ്പെ ട്ടതായും ചരിത്രഗ്രന്ഥങ്ങളിൽ കാണാം.

ഹിജ്റ അഞ്ചാം നൂറ്റാണ്ടിൽ അയ്യൂബി രാജാവ് ഇമാം ശാഫിഈ(റ)വിന്റെ ഖബറിനു മുകളിൽ സുന്ദ രമായ ഒരു ഖുബ്ബ സ്ഥാപിച്ചിട്ടുണ്ട്. പല ചരിത്രകാര ന്മാരും കവികളും ലോകപ്രശസ്തമായ പ്രസ്തുത ഖുബ്ബയെ പുകഴ്ത്തിപ്പാടുകയും എഴുതുകയും ചെയ്തിട്ടുണ്ട്.

ഇമാം നവവി(റ) പറയുന്നു: "ഇമാം ശാഫിഈ( റ)വിന്റെ ഖബർ ഈജിപ്തിൽ പ്രഭാവത്തോടെ നില കൊള്ളുന്നു. ഇമാമിന്റെ മഹനീയ പദവിക്ക് അനു യോജ്യമാംവിധം ഗംഭീരവും ആദരപൂർണവുമാണത്." ●


**നിഅ്മയുടെ രണ്ടു പുസ്തകങ്ങൾ**

**വിശുദ്ധറമളാൻ – പ്രമാണങ്ങളിൽ**

(75രൂപ/160പേജ്)

**ബദ്ർ ചരിത്രം – രേഖകളിലൂടെ**

(50രൂപ/120പേജ്)

ഗ്രന്ഥകാരൻ :

**കെകെസി മുഹമ്മദ് ബാഖവി**

തികച്ചും ആധികാരികം സമഗ്രം/പണ്ഡിതന്മാർക്കും വിദ്യാർത്ഥികൾക്കും പ്രസംഗകർക്കും റഫറൻസ്/നിര വധി മസ്അലകളോടെ/പ്രാമാണിക ഗ്രന്ഥങ്ങൾ മാത്രം അവലംബം/വ്യത്യസ്തമായ ഒരു റമളാൻ വായന


ആഗസ്ത് 15ന് മുമ്പ് ബുക്ക് ചെയ്യുന്നവർക്ക് രണ്ടിനും കൂടി 100 രൂപ മാത്രം

എംഒ അയക്കേണ്ട വിലാസം

NIEMA PUBLICATIONS

Kallayi Tower, Near New Busstand,

Manjeri-676121, Ph: 9946020111



# മൃഗവും മനുഷ്യനും തമ്മിൽ

**ദർശനം/മുഹമ്മദ് നഖീബുൽ അത്താസ്**

*മതം, നൈതികത, ഇസ്ലാമിക ദർശനം എന്ന ലേഖനത്തിന്റെ രണ്ടാം ഭാഗം.*

**മ**നുഷ്യന്റെ ഉള്ളിലുള്ള മൃഗീയാത്മാവിനു മേൽ വിവേകാത്മാവിന് ആധിപത്യം കൊടുക്കാതിരിക്കുമ്പോൾ അവൻ ആത്മാവിനു നേരെ അതിക്രമം ചെയ്യുകയാണെന്ന് ലേഖകൻ

'കോസ്മോ പോളിസ്' എന്നൊരാശയം ഉൾക്കൊള്ളുന്നുണ്ട് ദീൻ. കോസ്മോ പോളിസിന്റെ ജീവരക്തമാണ് വാണിജ്യവും വ്യാപാരവും. അതുകൊണ്ടു തന്നെ അത്തരം വ്യവഹാരങ്ങൾ അവയുടെ വിവിധ വിവക്ഷകളോടൊപ്പം ദീനിൽ ഉൾച്ചേർന്നിട്ടുണ്ട്. ഖുർആനിൽ പലയിടത്തും ഇഹലോകത്തെപ്പറ്റി പറയുമ്പോൾ വാണിജ്യവ്യവഹാരങ്ങളുടെ രൂപാലങ്കാരങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ചെയ്യുന്നത്. മനുഷ്യൻ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കയാണ്. അതിൽ മനുഷ്യൻ തന്നെയാണ് മൂലധനം. ഉത്തരവാദിത്തബോധത്തെയും നൽകപ്പെട്ട സ്വാതന്ത്ര്യം എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെയുമാശ്രയിച്ചായിരിക്കും ലാഭനഷ്ടങ്ങൾ. ഇച്ഛാശക്തിയും കർമശേഷിയും എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്നതിനനുസരിച്ചാണ് കച്ചവടപുരോഗതി. (റബിഹഃത്തിജാറ)അധോഗതിയും (മാറബീഹത്തിജാറ) സ്വമേധയാ ഏറ്റെടുത്ത ഈ കച്ചവടത്തിന്റെ അതീവഗൗരവത്തെപ്പറ്റി മനുഷ്യൻ സദാ ബോധവാനാണ്. അതിനാൽ തീറ്റയിലും കുടിയിലും ഭോഗസുഖങ്ങളിലും മാത്രം ഒതുങ്ങിക്കൂടുന്ന മൃഗമല്ല മനുഷ്യൻ; സ്വത്വം തന്നെ അല്ലാഹു നൽകിയ കടമാണെന്ന ബോധം അകത്തുള്ളവനാണ്.

"തീർച്ചയായും സത്യവിശ്വാസികളുടെ അടുത്തുനിന്ന്